6237

# പൌരധൎമ്മസാരം

## മൂന്നാം ഭാഗം

1572

പി. കുഞ്ഞികൃഷ്ണമേനോൻ, എം. എ.

ആറാം ഫോറം

# പൌരധൎമ്മസാരം

Common to Travancore and Cochin as per syllabus approved: 1951 — 52.

*Author*

VIDVAN P. KUNJIKRISHNA MENON, M. A.,
*Lecturer Maharaja's College. Ernakulam.*

1951

പ്രകാശകൻ:

കെ. എൻ. എസ്. മേനോൻ, ബി. എ., എൽ. ടി.
ഇരിഞ്ഞാലക്കട.

Price: As. 6 [ വില ആറണ.

പരിഷന്മുദ്രണാലയം, എറണാകുളം.

# വിഷയവിവരം


| | |
|---|---|
| പ്രാരംഭം | പേജ് |
| ഒന്നാം അദ്ധ്യായം — ജനകീയരാഷ്ട്രങ്ങളം സാമാന്യ സ്വഭാവം | 2 |
| ജനാധിപത്യത്തിൻെറ വളച്ച് | 3 |
| രണ്ടാം അദ്ധ്യായം — ജനാധിപത്യഭരണരീതികറം | 5 |
| കുംബിനററ് മാതൃക | ,, |
| പ്രസിഡൻഷ്യൽ സമ്പ്രദായം | 6 |
| ഇന്ത്യയിൽ | 9 |
| മൂന്നാം അദ്ധ്യായം — ഏകാത്മക ഭരണഘടനകളും യുക്തഭരണഘടനകളും | 11 |
| ഏകാത്മകരാഷ്ട്രം | ,, |
| സംയുക്തരാഷ്ട്രം | 12 |
| ജനകീയരാഷ്ട്രങ്ങളുടെ രക്ഷ | 15 |
| നാലാം അദ്ധ്യായം — ജനാധിപത്യ രാജ്യങ്ങളും കക്ഷിസമ്പ്രദായങ്ങളും | 19 |
| അഞ്ചാം അദ്ധ്യായം — ജനപ്രതിനിധി സഭകറം | 25 |
| വോട്ടവകാശ യോഗ്യത | 27 |
| ദ്വിമണ്ഡലനിയമസഭകറം | 28 |
| ഭരണസമിതിയും എതിർ കക്ഷിയും | 30 |
| ആറാം അദ്ധ്യായം — മന്ത്രിസഭ അഥവാ, കുംബിനററ് | 31 |
| ബ്രിട്ടീഷ് കുംബിനററിൻെറ ഘടന | 33 |
| പ്രധാന മന്ത്രി | 34 |
| ഏഴാം അദ്ധ്യായം — ജനാധിപത്യവും പത്രപ്രവത്തനവും | 36 |
| അനുബന്ധം | 40 |

# പൌരധമ്മസാരം

## മൂന്നാം ഭാഗം

---

രാഷ്ട്രം ഒരു പൊതുകുടുംബമാണെന്നും പൌരന്മാർ അതിൽ സഹകരിച്ചു പ്രവത്തിക്കണമെന്നും ഒന്നും രണ്ടും ഭാഗങ്ങളിൽ വിശദമാക്കിട്ടുണ്ടല്ലോ! പ്രജായത്തഭരണത്തിൻെറ യുഗത്തിൽ ജീവിക്കുന്ന നാം ഇന്നു ലോകത്തിൽ പലേടത്തും നടപ്പുള്ള പ്രജായത്തഭരണങ്ങളുടെ പ്രത്തനരീതിയെപ്പററി അറിഞ്ഞിരിക്കേണ്ടതത്യാവശ്യമാണു്. അനേകം സംവത്സരങ്ങൾകൊണ്ടു ലോകം സമ്പാദിച്ചിട്ടുള്ള നേട്ടങ്ങളുടെ ഫലമാണു് ഇന്നത്തെ വിവിധഭരണരീതികൾ. പരീക്ഷിച്ചറിഞ്ഞു പലതും പരിത്യജിച്ചു. പ്രതിക്ഷണം പുതുമയിലേക്കു പ്രയാണംചെയ്യുകയാണു് ലോകരാഷ്ട്രങ്ങൾ. മററുള്ളവർ കാട്ടുന്നതു കണ്ടുപഠിക്കുക. കുറവുകളുണ്ടെങ്കിൽ അതു കുറയ്ക്കാൻ ശ്രമിക്കുക. അങ്ങനെ, പൊതുജനഹിതത്തിന്നിണങ്ങിയതാക്കിത്തീക്കുക രാഷ്ട്രത്തിൻെറ പ്രവത്തനം. ഇതാണു് പൌരജീവിതത്തിലെ പ്രധാന ലക്ഷ്യം.

ഈ ലക്ഷ്യം സഫലമാക്കാൻ എന്താണു് നാം ചെയ്യേണ്ടതു്? ജനകീയരാഷ്ട്രങ്ങളുടെ ഘടന, പ്രവത്തനസമ്പ്രദായം മുതലായവ പഠിക്കുക. ജനഹിതത്തിന്നു പ്രാധാന്യം കല്പിച്ചുകൊടുക്കാനുള്ള പരിപാടി എല്ലാ ജനകീയരാഷ്ട്രങ്ങളും അംഗീകരിച്ചിട്ടുണ്ടാവാമെങ്കിലും ഹിതനിണ്ണയത്തിന്നു സ്വീകരിച്ചിട്ടുള്ള പരിധികൾ വ്യത്യസ്തങ്ങളായിരിക്കും. മാത്രമല്ലാ, രാഷ്ട്രങ്ങളുടെ ഘടനയിൽ മൌലികങ്ങളായ പല വ്യത്യാസങ്ങളും കണ്ടെന്നും വരാവുന്നതാണു്. ഈ വ്യത്യാസങ്ങളെല്ലാം കണ്ടു മനസ്സിലാക്കുകയത്രേ നമുക്കിവിടെ ആവശ്യം.

---

# ഒന്നാം അദ്ധ്യായം

## ജനകീയരാഷ്ട്രങ്ങൾ—സാമാന്യസ്വഭാവം

ലോകചരിത്രത്തിൽ സാമാന്യമായി മൂന്നുതരം ഭരണസമ്പ്രദായങ്ങളാണ് ഇതുവരെ ഉണ്ടായിട്ടുള്ളത്. രാജാധിപത്യം അഥവാ മൊണാർക്കി, പ്രഭുഭരണം അഥവാ അരിസ്റ്റോക്രസി (Aristocracy,) ജനാധിപത്യം അഥവാ ഡെമോക്രസി എന്നിവയത്രേ ഇവ. ഇതുകൂടാതെ പലതരം ഭരണഘടനകൾ വേറെയുമുണ്ടായിട്ടുണ്ടെങ്കിലും ഈ മൂന്നുവകുപ്പിൽ ഏതെങ്കിലും ഒന്നിനോടടിപ്പിക്കാൻ സാധിക്കും. രാജാധിപത്യഭരണത്തിൻേറയും പ്രഭുഭരണത്തിൻേറയും കാലം കഴിഞ്ഞിരിക്കുന്നു ഇനി ജനാധിപത്യഭരണത്തിന്നേ ലോകത്തിൽ സ്ഥാനമുള്ളു. ഒന്നാം ലോകമഹായുദ്ധം അവസാനിച്ചതോടുകൂടി പരിഷ്കൃതരാജ്യങ്ങളെല്ലാം ജനാധിപത്യഭരണങ്ങൾ സ്ഥാപിച്ചുകഴിഞ്ഞിരിക്കുന്നു. രണ്ടാം ലോകമഹായുദ്ധമാകട്ടെ, ഈ ജനാഭിലാഷത്തെ ഒന്നുകൂടി പ്രോത്സാഹിപ്പിക്കുകയത്രേ ചെയ്തിരിക്കുന്നത്. അതുകൊണ്ട്, ജനാധിപത്യഭരണങ്ങളെക്കുറിച്ചേ നമുക്കിനി അന്വേഷിക്കേണ്ടതുള്ളു. ചത്തകുട്ടിയുടെ ജാതകം പരിശോധിക്കാൻ മിനക്കെടേണ്ടതില്ലെന്നർത്ഥം.

ഇവിടെ ഒരു സംശയം പരിഹരിക്കേണ്ടതുണ്ട്. 'ഏകാധിപത്യം' അഥവാ സ്വേച്ഛാധിപത്യം എന്നൊരുതരം ഭരണത്തെപ്പററി നിങ്ങൾ കുറച്ചധികം കേട്ടിരിക്കാനിടയുണ്ട്. ലോകചരിത്രം പഠിച്ചപ്പോൾ ജെമ്മനി, ഇററലി, തുക്കി, (വേണമെങ്കിൽ റഷ്യയും ഉൾപ്പെടുത്താം) തുടങ്ങിയ രാജ്യങ്ങളിൽകൂടി നടന്നുപോയ നിങ്ങൾ അത്തരം ഭരണരീതി പരിചയപ്പെട്ടിരിക്കണം. ആ ഹിററ്ലറേയും മുസ്സോലിനിയേയും, കെമാൽപാഷയേയും സ്റ്റാലിനേയുംമററും ഏതുവകുപ്പിൽ പെടുത്തും സാർ? അവർ രാജാക്കന്മാരല്ലാത്തതിനാൽ രാജാധിപത്യഭരണത്തിൽ പെടുത്താൻ പററില്ല. പക്ഷേ, ജനാധി

പത്യമാണോ അവിടെ കണ്ടതു്? അതുമല്ല. ജനങ്ങൾ ഈ നേതാക്കന്മാരുടെ വ്യക്തിപ്രഭാവത്താൽ വശീകൃതരായിത്തീൎന്നു. വിശ്വാസം നിമിത്തമോ, ഭയംനിമിത്തമോ അവരിൽ എല്ലാ അധികാരങ്ങളും സമൎപ്പിച്ചു. അങ്ങനെ അവർ ഏകാധിപതികളായിത്തീൎന്നു. ജനാധിപത്യം പലപ്പോഴും ഇത്തരം സ്വേച്ഛാധിപത്യത്തെ വാൎത്തുവിടാറുണ്ടു്. ലോകചരിത്രത്തിൽ ഇതിനുമുമ്പും ഇത്തരം അനുഭവങ്ങൾ ധാരാളമുണ്ടാകാറുണ്ടു്, ഒന്നാം ലോകമഹായുദ്ധത്തിനുശേഷം രണ്ടാം ലോകമഹായുദ്ധം കഴിയുന്നതുവരെയുള്ള കാലഘട്ടത്തിൽ പരിതഃസ്ഥിതികൾ അതിന്നനുകൂലമായിത്തീൎന്നതുകൊണ്ടാണങ്ങനെ സംഭവിച്ചതു്. എന്തിനധികം? ഇംഗ്ലണ്ടിൽപ്പോലും വിൻസ്റ്റൺ ചൎച്ചിൽ മഹായുദ്ധക്കാലത്തു ചില സന്ദൎഭങ്ങളിൽ ഏകാധിപതിയാകാറുണ്ടു്. യുദ്ധകാലത്തു ഭരണതന്ത്രം തിരിക്കുന്നവൎക്കു സിദ്ധിക്കാൻ എളുപ്പമുള്ളൊരു പദവിയാണിതു്. നേതാവിനെ കണ്ണടച്ചു വിശ്വസിച്ചില്ലെങ്കിൽ രാജ്യത്തിനു രക്ഷയില്ലെന്നു ജനങ്ങൾ വിശ്വസിച്ചുപോകും. ജനങ്ങളുമായി ആലോചിച്ചു പ്രവൎത്തിക്കുവാൻ നേതാവിനു യുദ്ധകാലപരിതഃസ്ഥിതിയിൽ സാധിച്ചില്ലെന്നും വരും. ഇങ്ങനെ, സാഹചൎയ്യങ്ങൾ സ്വേച്ഛാധിപത്യഭരണസമ്പ്രദായത്തെ സൃഷ്ടിച്ചുവിടുകയാണു് ചെയ്യുന്നതു്. പരമാൎത്ഥത്തിൽ ജനാധിപത്യത്തിന്റെ പരിധിയിൽ പെട്ടതാണു് ഇത്തരം ഏകാധിപത്യങ്ങൾ.

## ജനാധിപത്യത്തിന്റെ വളൎച്ച

ജനാധിപത്യത്തിന്റെ വിവിധസ്വഭാവങ്ങൾ പരിശോധിക്കുംമുമ്പെ നമുക്കതിന്റെ വളൎച്ചയെക്കുറിച്ചൊരു വിഹഗവീക്ഷണം നടത്താം. പ്രാചീനചരിത്രത്തിൽ ഗ്രീസ്സിലും റോമിലും ഇത്തരം ഭൎണത്തിന്റെ മാതൃകകൾ പലപ്പോഴുമുണ്ടായിട്ടുണ്ടു്. മദ്ധ്യകാലഘട്ടത്തിലേക്കു കടന്നാൽ ബ്രിട്ടനിലാണു് അതിന്നു വലിയ മതിപ്പു കാണുക. അന്നു യൂറോപ്യൻ രാജ്യങ്ങളിലധികവും നാടുവാഴിത്തമാണു് നടമാടിയിരുന്നതെന്നു നിങ്ങൾ ലോകചരിത്രത്തിൽ പഠിച്ചിരിക്കണം. പക്ഷെ, ഇംഗ്ലണ്ടു് ജനാധിപത്യത്തിന്റെ ഒരു മാതൃകകാട്ടിത്തന്നു. ക്രമേണ അതു യൂറോപ്യൻ രാജ്യങ്ങളിലേക്കും ഇംഗ്ലീഷു

കാരുടെ അധിനിവേശസ്ഥാനങ്ങളായ അമേരിക്കൻ ഐക്യരാജ്യങ്ങൾ, കാനഡ തുടങ്ങിയ സ്ഥലങ്ങളിലേക്കു വ്യാപിച്ചു. പത്തൊമ്പതാം നൂററാണ്ടു് ലോകചരിത്രത്തിൽ ജനാധിപത്യങ്ങളെ വളർത്തുവിടാൻ ശ്രമിക്കുന്നൊരു ഘട്ടമായിട്ടാണു് നാം കാണുന്നതു്. ഒന്നാം ലോകമഹായുദ്ധംകഴിഞ്ഞതോടുകൂടി ഈ ഭരണസമ്പ്രദായത്തിന്നു പരിഷ്കൃതരാജ്യങ്ങളിലെല്ലാം പ്രചാരം പെരുകി. ഇങ്ങനെ, ഫ്രാൻസ്, ഇററലി, ജർമ്മനി, റഷ്യ, തുർക്കി, ആസ്ത്രിയ തുടങ്ങിയ യൂറോപ്യൻ രാജ്യങ്ങളും കാനഡ, അമേരിക്കൻ ഐക്യരാജ്യങ്ങൾ, ചൈന, തെക്കെ ആഫ്രിക്ക ആസ്ത്രേലിയ തുടങ്ങിയ രാജ്യങ്ങളും ജനാധിപത്യത്തെ മാനിക്കാൻ തുടങ്ങി. ഈ കാററു് മററു സ്ഥലങ്ങളിലേക്കും വീശിത്തുടങ്ങിയതിൻെറ ഫലമാണു് സ്വാതന്ത്ര്യലബ്ധിക്കുവേണ്ടി പലേടത്തുമുണ്ടായ സമരങ്ങൾ. രണ്ടാം ലോകമഹായുദ്ധം കഴിഞ്ഞപ്പോൾ ഈ ആദർശത്തിന്നു പ്രചാരം പൂർവ്വാധികം വർദ്ധിച്ചു. ഇന്ത്യ, ബർമ്മ, ഇൻഡൊനേഷ്യ, സിലോൺ, ഫിലിപ്പൈൻ ദ്വീപുകൾ എന്നിവിടങ്ങളിലെല്ലാം ജനാധിപത്യത്തിന്നു പ്രതിഷ്ഠ സിദ്ധിച്ചു. ജർമ്മനി, ഇററലി, ജപ്പാൻ എന്നീ അച്ചുതണ്ടു ശക്തികൾ താല്ക്കാലികമായി പുലർത്തിയിരുന്ന സ്വേച്ഛാധിപത്യസമ്പ്രദായത്തെ ഉപേക്ഷിച്ചു് യഥാർത്ഥജനാധിപത്യം തന്നെ പുനഃസ്ഥാപിച്ചു. ഇങ്ങനെ, രണ്ടാം ലോകമഹായുദ്ധം കഴിഞ്ഞതോടെ ജനാധിപത്യഭരണസമ്പ്രദായത്തിന്നു ലോകമെങ്ങും പ്രചാരം സിദ്ധിച്ചു.

ഈ ജനാധിപത്യരാജ്യങ്ങളെല്ലാം ഒരേ അച്ചിൽ വാർത്തെടുത്തവയാണോ? അല്ല. അങ്ങനെയാണെങ്കിൽ നിങ്ങൾക്കു വളരെ കുറച്ചു മാത്രം പഠിച്ചാൽ മതിയായിരുന്നു. പക്ഷെ, എന്തുചെയ്യും? പലേക്കും പല അഭിപ്രായങ്ങളല്ലേ കാണുന്നതു്! ആകൃതിയിലും പ്രകൃതിയിലും അല്പാല്പം വ്യത്യാസങ്ങളോടുകൂടിയ ജനാധിപത്യ ഭരണഘടനകളാണു് നാം കാണുന്നതു്. ഇംഗ്ലണ്ടിൽ ചെന്നാൽ ജനാധിപത്യ ഭരണകൂടത്തിൻെറ തലവനായി ആ പഴയ രാജകുടുംബത്തിലെ അവകാശി തന്നെ ഇപ്പോഴും വാഴുന്നതു കാണാം. ഇന്ത്യയിൽ അങ്ങനെ ഒരു പഴയ സ്മരണ പുലർത്താൻ ആരേയും കാണുന്നില്ല. അമേരിക്കയിൽ പണ്ടേ തന്നെ അങ്ങനെ ഒന്നുണ്ടായില്ല. ഫ്രാൻസിൽ അതു

ഉപേക്ഷിച്ചിട്ട വളരെക്കാലമായി. ഇററലിയിലും റഷ്യയിലും അതു് വേണ്ടെന്നു വെച്ചു. അങ്ങനെ, രാജാവുള്ളതും രാജാവില്ലാത്തതുമായ ജനാധിപത്യരാജ്യങ്ങളുണ്ട്.

ഇനി വേറൊരു വ്യത്യാസം. ഇംഗ്ലണ്ട്, ഫ്രാൻസ് തുടങ്ങിയ വിസ്തൃതി കുറഞ്ഞ രാജ്യങ്ങളിൽ ഏകാത്മകഭരണഘടന (Unitary Constitution) യാണുള്ളതു്. അമേരിക്ക, കൃനഡ തുടങ്ങിയ വിസ്താരമേറിയ രാജ്യങ്ങൾ സംയുക്തരാഷ്ട്രങ്ങളാണ്. രണ്ടും തമ്മിലുള്ള വ്യത്യാസം നമുക്ക പരിശോധിക്കാനുള്ളതാണ്.

വേറൊരു വ്യത്യാസം പറയാം. എഴുതിവെച്ചതെന്നും എഴുതിവെക്കാത്തതെന്നും ഭരണഘടനകൾ രണ്ട തരത്തിലുണ്ട്. ആദ്യത്തേതിൽ യഥാസൌകര്യം ഭേദഗതികൾ വരുത്താൻ വലിയ പ്രയാസമില്ല. അതുകൊണ്ട് ശിഥിലഭരണഘടന (Flexible Constitution) എന്നു് അതിന്നു പേർ പറയാം. ഇംഗ്ലണ്ട് അത്തരത്തിൽ പെട്ടതാണ്. എന്നാൽ പലേടത്തും അങ്ങനെ വേഗത്തിൽ ഭേദഗതി വരുത്താൻ സാധിക്കില്ല; എന്തുകൊണ്ടെന്നാൽ, ഭരണഘടന എഴുതിവെച്ചിട്ടുണ്ടായിരിക്കും. അത്തരങ്ങളെ ദൃഢഭരണഘടന (Rijid Constitution) എന്നു പറയാം. അമേരിക്ക അതിന്നുദാഹരണമാണ്.

ഇങ്ങനെ ബാഹ്യരൂപത്തിൽ ചില വ്യത്യാസങ്ങളുണ്ടെന്നു വെച്ചു് ഒരു കാൎയ്യത്തിലും യോജിപ്പില്ലെന്നു തെററിദ്ധരിക്കരുത്. ശരീരം ഭിന്നമാണെങ്കിലും ആത്മാവ് ഒന്നാണ്. ഭൂരിപക്ഷഭൂരസുഖമാണ് ഇവയുടെയൊക്കെ ലക്ഷ്യം. അതുകൊണ്ട്, പ്രായപൂൎത്തിവന്നവരിൽ ഭൂരിപക്ഷത്തിന്നു ഹിതമായ ഭരണ സമ്പ്രദായമാണ് ഈ ജനാധിപത്യരാജ്യങ്ങളിലെല്ലാം നടക്കുന്നതു്. ഭൂരിപക്ഷാഭിപ്രായം എല്ലായിടത്തും ഒരുപോലെയല്ലെന്നുള്ളതുകൊണ്ടാണ് ആകൃതിയിലെന്നപോലെ പ്രകൃതിയിലും ചിലപ്പോൾ വ്യത്യാസങ്ങൾ കാണുന്നതു്.

# രണ്ടാം അദ്ധ്യായം

## ജനാധിപത്യ ഭരണരീതികൾ

ജനാധിപത്യ രാജ്യങ്ങളെല്ലാം ഒരേ തരത്തിലുള്ള ഭരണസമ്പ്രദായമല്ലാ സ്വീകരിച്ചിട്ടുള്ളതെന്നു പറഞ്ഞുവല്ലോ! ഭരണനിർവ്വഹണ വിഭാഗവും (Executive) നിയമസഭയും തമ്മിലുള്ള ബന്ധത്തെ അടിസ്ഥാനമാക്കി ക്യാബിനററ് മാതൃക, പ്രസിഡൻഷ്യൽ മാതൃക എന്നിങ്ങനെ രണ്ടു വിഭാഗങ്ങളുണ്ട്. ക്യാബിനററ് സമ്പ്രദായത്തിന്നു പ്രശസ്തമായൊരു പാരമ്പര്യം സമ്പാദിച്ചിട്ടുള്ള രാഷ്ട്രം ഗ്രേററ് ബ്രിട്ടനും പ്രസിഡൻഷ്യൽ സമ്പ്രദായത്തിന്നു പേരെടുത്തിട്ടുള്ള ഒരു രാഷ്ട്രം അമേരിക്കൻ ഐക്യരാജ്യങ്ങളും (യു. എസ്. എ) ആണ്. ഇവ രണ്ടും തമ്മിലുള്ള വ്യത്യാസം പരിശോധിക്കാം.

### ക്യാബിനററ് മാതൃക

ക്യാബിനററ് സമ്പ്രദായത്തിന്നു് 'വെസ്റ്റ്മിനിസ്റ്റർമാതൃക' എന്നുംകൂടി ആളുകൾ പേർപറയാറുണ്ട്. ഭരണനിർവ്വഹണവിഭാഗവും നിയമസഭയും തമ്മിൽ ദൃഢമായൊരു ബന്ധം പുലർത്തുന്നതാണ് ഈ ക്യാബിനററ് സമ്പ്രദായം. അതിൻെറ പ്രവർത്തനരീതി പഠിക്കാൻവേണ്ടി ഇംഗ്ലണ്ടിലെ സമ്പ്രദായം ഉദാഹരിക്കാം. പ്രായപൂർത്തിവോട്ടടിസ്ഥാനത്തിൽ തിരഞ്ഞെടുക്കപ്പെടുന്ന 615 സാമാജികന്മാർ ഉൾക്കൊള്ളുന്ന കോമൺസ്സഭ (House of Commons) യാണ് ബ്രിട്ടീഷ് പാർലിമെൻറിൻെറ ജീവനാഡി. ഈ കോമൺസ്സഭയിലെ ഭൂരിപക്ഷകക്ഷിയുടെ നേതാവിനെയാണ് ബ്രിട്ടീഷ് രാജാവ് പ്രധാനമന്ത്രിയായി നിയമിക്കുക. അതു മാററാൻ പാടില്ലാത്തവിധം ദൃഢമായൊരു പാരമ്പര്യമായിരിക്കുന്നു ഇന്ന്. ഇങ്ങനെ നിയമിക്കപ്പെടുന്ന പ്രധാനമന്ത്രി തൻെറ സഹപ്രവർത്തകന്മാരായ മററു മന്ത്രിമാരെ നിയമിച്ച് അവരുടെ സഹായത്തോടുകൂടി രാജ്യഭരണം നടത്തുന്നു. ഈ മന്ത്രിസഭയ്ക്കു ക്യാബിനററ്

എന്നു പേർപറയുന്നതുകൊണ്ടാണ് ഈ ഭരണസമ്പ്രദായത്തിനു ക്യാബിനററ് മാതൃക എന്നു നാമകരണം ചെയ്തതു്.

എന്താണ് ഇവിടത്തെ ഭരണത്തിൻെറ പ്രത്യേകത? ക്യാബിനററ് എപ്പോഴും കോമൺസ്സഭയുടെ വിശ്വാസത്തിനു പാത്രമായിരിക്കണം; അഥവാ, കോമൺസ്സഭയുടെ ഭൂരിപക്ഷത്തെ തൃപ്തിപ്പെടുത്തിക്കൊണ്ടല്ലാതെ ഒരു കാൎയ്യവും ക്യാബിനററ് നേതാവായ പ്രധാനമന്ത്രിക്കോ കൂട്ടുകാർക്കോ പ്രവൎത്തിക്കാൻ സാദ്ധ്യമല്ല. ഏതെങ്കിലും ഒരു കാൎയ്യം കോമൺസ സഭയുടെ ഭൂരിപക്ഷത്തിനു സമ്മതമല്ലെന്നുവന്നാൽ അവിശ്വാസപ്രമേയമാണ് ക്യാബിനററിനെ സ്വാഗതംചെയ്യുക. അങ്ങനെ, ഇംഗ്ലണ്ടിലെ ക്യാബിനററിനെ ഏതു നിമിഷത്തിലും കൈക്കിലക്കൂടാതെ വലിച്ചുപുറത്തിടാൻ അവിടത്തെ പൊതുജനപ്രതിനിധികളുടെ ഭൂരിപക്ഷത്തിനു സാധിക്കുന്നു. തിരഞ്ഞെടുപ്പിൽ ജയിച്ചെന്നുവെച്ചു കാലാവധികഴിയുന്നതുവരെ ഗന്ധൎവ്വൻതുള്ളാൻ ഇംഗ്ലണ്ടിലെ മന്ത്രിമാൎക്കു സാധിക്കില്ലെന്നൎത്ഥം. ക്യാബിനററിൻെറ കടിഞ്ഞാൺ കോമൺസ് സഭയുടെ കൈവശമാണിരിക്കുന്നതു്. ഇന്ത്യാ റിപ്പബ്ളിക്കിലെ കേന്ദ്രഭരണത്തിലും പ്രാദേശികഭരണത്തിലുമെല്ലാം ഈ സമ്പ്രദായമാണ് സ്വീകരിച്ചിട്ടുള്ളതു്. ബ്രിട്ടീഷ് രാഷ്ട്രങ്ങളുടെ പൊതുകുടുംബത്തിൽപെട്ട (British Common-Wealth of Nations) രാജ്യങ്ങളിലെല്ലാം ഭരണനിൎവ്വഹണവിഭാഗവും നിയമനിൎമ്മാണസഭയും തമ്മിലുള്ളബന്ധം ഈ വിധത്തിലാണ്.

## പ്രസിഡൻഷ്യൽ സമ്പ്രദായം

പ്രസിഡൻഷ്യൽ ഭരണസമ്പ്രദായമുള്ള ഭരണകൂടത്തിൻെറ തലവൻ പ്രസിഡണ്ടാണ്. ഈ സമ്പ്രദായത്തിനു നല്ലൊരു പാരമ്പൎയ്യം പുലൎത്തിപ്പോന്നിട്ടുള്ള രാജ്യം അമേരിക്കൻ ഐക്യരാജ്യങ്ങൾ (യു. എസ്. എ) ആണ്. ഗ്രേററ്ബ്രിട്ടനിൽ രാജാവും പ്രധാനമന്ത്രിയും കൂടി വഹിച്ചുപോരുന്ന പദവിയാണ് അമേരിക്കയിലെ പ്രസിഡണ്ടിനുള്ളതു്. ഈ പ്രസിഡ

ണ്ടിനെ കേന്ദ്രത്തിലെ ജനപ്രതിനിധിസഭയല്ലാ ഐക്യരാജ്യങ്ങളുടെ ഘടകങ്ങളായ എല്ലാ സ്റ്റേററുകളുംകൂടി യോജിച്ചാണു് തിരഞ്ഞെടുക്കുന്നതു്. അതായതു്, ബ്രിട്ടനിലെ പ്രധാനമന്ത്രിയേക്കാൾ കൂടുതലായ പൊതുജനസമ്പർക്കം അമേരിക്കയിലെ പ്രസിഡണ്ടിന്നുണ്ടായിരിക്കണമെന്നർത്ഥം. ഇതോടൊപ്പം തന്നെ ഉപാദ്ധ്യക്ഷനേയും തിരഞ്ഞെടുക്കുന്നുണ്ടു്.

പ്രസിഡണ്ടിന്റേയും വൈസ്പ്രസിഡണ്ടിന്റേയും (ഉപാദ്ധ്യക്ഷൻ) കാലാവുധി നാലുകൊല്ലത്തേക്കാണു്. ഈ നാലുകൊല്ലത്തിനിടയിൽ പ്രസിഡണ്ടിനെ അവിശ്വാസപ്രമേയംകൊണ്ടു പരിച്ചുവിടാൻ എളുപ്പമല്ല. ഭരണത്തെ വിമർശിക്കാം; അവിശ്വാസപ്രമേയം പാസ്സാക്കാം. പക്ഷെ, അതുകൊണ്ടു പ്രസിഡണ്ടു് ഇറങ്ങിപ്പോന്നുകൊള്ളണമെന്നില്ല; എന്തുകൊണ്ടെന്നാൽ, കോൺഗ്രസ്സല്ലാ, ജനങ്ങളാണു് അദ്ദേഹത്തെ തിരഞ്ഞെടുത്തിട്ടുള്ളതു്.

പ്രസിഡണ്ടിന്നു വളരെ വിശാലമായ അധികാരമാണു് അമേരിക്കയിലുള്ളതു്. സിവിൽഭരണത്തിന്റെ നേതൃത്വത്തിന്നുപുറമേ, അമേരിക്കൻ സൈന്യാധിപത്യവും പ്രസിഡണ്ടിന്നുതന്നെയാണു്. തന്റെ മന്ത്രിസഭയിലെ അംഗങ്ങളെ മുഴുവൻ ഇദ്ദേഹമാണു് നിയമിക്കുന്നതു്. അവരെ സെക്രട്ടറിമാർ എന്നാണു് പറയുക. ഈ സെക്രട്ടറിമാർ ജനപ്രതിനിധിസഭയോടല്ലാ, പ്രസിഡണ്ടിനോടാണു് ഉത്തരവാദപ്പെട്ടിരിക്കുന്നതു്.

ഇനി ഭരണനിർവ്വഹണവിഭാഗവും ജനപ്രതിനിധിസഭയും തമ്മിലുള്ള അഭിപ്രായവ്യത്യാസങ്ങൾക്കു തീർപ്പുണ്ടാകുന്നതെങ്ങനെയെന്നു നോക്കാം. അമേരിക്കയിലെ നീതിന്യായവിഭാഗത്തിന്റെ നേതൃത്വം വഹിക്കുന്ന സുപ്രീംകോടതിയിലാണു് ഇരുകക്ഷികളുടേയും വാദമുഖങ്ങൾ സമർപ്പിക്കപ്പെടുന്നതു്. ഈ കോടതി ഒന്നിനോടും കടപ്പെട്ടതല്ല. അമേരിക്കയിൽ നിലവിലുള്ള ഭരണഘടനാവ്യവസ്ഥകളെ ആധാരമാക്കി തീർപ്പുകല്പിക്കാൻ സുപ്രീംകോടതിക്കു് അധികാരമുണ്ടു്; സ്വാതന്ത്ര്യമുണ്ടു്. അങ്ങനെ, ഭരണനിർവ്വഹണവിഭാഗവും നിയമനിർമ്മാണ

വിഭാഗവും തമ്മിലുള്ള ഉരസൽ നിഷ്പക്ഷമായ ഒരു നീതിന്യായക്കോടതിയുടെ തീരുമാനത്തിന്നു വിധേയമാണ് അമേരിക്കയിൽ.

മേല്പറഞ്ഞ രണ്ടു മാതൃകകളും തമ്മിൽ മൌലികമായി ഏതെല്ലാം കാര്യങ്ങളിലാണ് വ്യത്യാസപ്പെട്ടിരിക്കുന്നതു് ? (i) ഇംഗ്ലണ്ടിലെ ഭരണാധികാരികളെ പാർലിമെൻറിന്നു വേണ്ടെന്നു തോന്നുന്ന നിമിഷം പിരിച്ചയയ്ക്കാൻ സാധിക്കും. അമേരിക്കയിൽ അതു സാദ്ധ്യമല്ലാ; നാലുകൊല്ലത്തെ ഉദ്യോഗസ്ഥിരതയുണ്ടു് അവർക്കു്. എന്താണ് ഇതുകൊണ്ടുള്ള മെച്ചം ? പാരീസ്സിലെ പെണ്ണുങ്ങൾ ഉടുപ്പുമാററുന്നതുപോലെ ജനപ്രതിനിധിസഭ മന്ത്രിമാരെ മാററിത്തുടങ്ങിയാൽ രാജ്യഭരണമൊന്നും നടക്കാൻ പോകുന്നില്ല. മന്ത്രിമാർക്കു ജനപ്രതിനിധികളെ പ്രീണിപ്പിച്ചുകൊണ്ടിരിക്കാനേ ഇടയുണ്ടാവുകയുള്ളു. (ii) ഇംഗ്ലണ്ടിൽ ഭരണാധികാരികൾ നിയമസഭയുടെ നേതൃത്വം വഹിക്കുന്നതിനാൽ ഭരണസൌകര്യത്തിന്നു യോജിച്ചവിധം നിയമങ്ങൾ സൃഷ്ടിച്ചുകൊണ്ടിരിക്കും. അമേരിക്കയിൽ ഭരണാധികാരികൾക്കു നിയമനിർമ്മാണത്തിൽ പങ്കൊന്നുമില്ല. നിയമം ഭരണാധികാരികളുടെ പിന്നാലെയല്ലാ, ഭരണാധികാരികൾ നിയമത്തിൻെറ പുറകെയാണ് പോകുന്നതു്.

## ഇന്ത്യയിൽ

ഈ രണ്ടു തരങ്ങളും കണ്ടിട്ടു പരിഹരിക്കാവുന്നത്ര കുറവുകൾ തീർക്കാനാണ് ഇന്ത്യാറിപ്പബ്ളിക്ക് ശ്രമിച്ചതു്. അമേരിക്കയിലെപ്പോലെ ഒരു പ്രസിഡണ്ടാണ് നമ്മുടെ റിപ്പബ്ളിക്കിൻെറ മേലദ്ധ്യക്ഷൻ; കാലാവധി അഞ്ചുകൊല്ലത്തേക്കും. പക്ഷേ, ഈ പ്രസിഡണ്ടിനെ നിയമസഭയാണ്, പൌരന്മാരല്ലാ, തിരഞ്ഞെടുക്കുന്നതു്. ഇങ്ങനെ, ഒരു വശം

കൊണ്ടു് അമേരിക്കയെ അനുകരിക്കുന്നെങ്കിൽ മറുവശത്താ ബ്രിട്ടീഷ് മാതൃകയിലുള്ള മന്ത്രിസഭയും നമുക്കുണ്ടു്. അവിശ്വാസപ്രമേയത്തെത്തുടർന്നു രാജിവെക്കേണ്ടവരാണു് ഈ മന്ത്രിമാർ. ചുരുക്കത്തിൽ, അമേരിക്കൻ പ്രസിഡണ്ടിനുള്ളേടത്തോളം അധികാരം ഇന്ത്യാറിപ്പബ്ളിക്കിന്റെ പ്രസിഡണ്ടിന്നു് അനുവദിച്ചുകൊടുത്തിട്ടില്ല. നീതിന്യായവിഷയത്തിൽ അമേരിക്കയിലെപ്പോലെത്തന്നെ ഇവിടേയും പരമാധികാരത്തോടുകൂടിയ ഒരു സുപ്രീംകോടതിയുണ്ടു്. ഭരണഘടനയ്ക്കു വ്യാഖ്യാനം നല്കാനും ന്യൂനപക്ഷതാല്പര്യങ്ങൾ പരിരക്ഷിക്കാനും ഈ കോടതി കടപ്പെട്ടിരിക്കുന്നു.

# മൂന്നാം അദ്ധ്യായം

## ഏകാത്മകഭരണഘടനകളും സംയുക്തഭരണഘടനകളും

---

രാജ്യത്തിന്റെ വിസ്തൃതിക്കനുസരിച്ച ഭരണാധികാര വിഭജനത്തിന്റെ കാര്യത്തിൽ വ്യത്യാസമുണ്ടാകുമെന്നു മുമ്പു പറഞ്ഞുവല്ലോ! ചെറിയൊരു വീട്ടിൽ ഉപ്പുതൊട്ടു കർപ്പൂരം വരെ കാരണവർക്കു കണ്ടെത്താൻ കഴിയും. പക്ഷെ, കുടുംബം വലുതായാലോ? ചുമതലകൾ പലതും വിഭജിക്കേണ്ടിവരും. ഇംഗ്ലണ്ടിലെയും അമേരിക്കയിലെയും ഭരണഘടനകൾ തമ്മിൽ കാണാവുന്ന മൗലികമായ ഒരു വ്യത്യാസം ഇതാണ്. ഇംഗ്ലണ്ടിലെ ഭരണം ഏകാത്മകവും അമേരിക്കയിലെ ഭരണം സംയുക്തവുമാണ്. അമേരിക്ക വലിയൊരു കുടുംബമാകയാൽ ആഭ്യന്തരകാര്യങ്ങൾ പലതും അതാതു സംസ്ഥാനങ്ങളുടെ പരിപൂർണ്ണാധികാരത്തിന്നു വിധേയമാക്കിയിരിക്കുന്നു. ഇംഗ്ലണ്ടിൽ അങ്ങനെയൊരു സമ്പ്രദായമില്ല. അതാണ് അവിടത്തെ ഭരണം ഏകാത്മകമാകണമെന്നു പറയുന്നതിന്റെ താല്പര്യം. വിദേശബന്ധം, നാണയം, ഗതാഗതം തുടങ്ങിയ ചില വകുപ്പുകൾ കേന്ദ്രത്തിന്നു വിട്ടുകൊടുക്കുകയും ബാക്കി കാര്യങ്ങൾ അതാതു സ്റ്റേറ്റുകൾ യഥേഷ്ടം നിർവ്വഹിക്കുകയുമാണ് അമേരിക്കയിൽ ചെയ്യുന്നതു്. ഇന്ത്യ ഇക്കാര്യത്തിൽ അമേരിക്കയുടെ മാതൃകയാണ് സ്വീകരിക്കുന്നതെങ്കിലും ഇന്ത്യാറിപ്പബ്ളിക്കിന്റെ ഘടകങ്ങളായ സ്റ്റേറ്റുകളിലെ ആഭ്യന്തരഭരണത്തിൽ കേന്ദ്രഗവമ്മെണ്ടിന്റെ നിയന്ത്രണം കുറെ ശക്തിയായിത്തന്നെ നടക്കുന്നുണ്ടു്.

### ഏകാത്മകരാഷ്ട്രം

ഇനി ഏകാത്മകരാഷ്ട്രത്തിന്റെ സ്ഥിതിനോക്കാം. എല്ലാം അധികാരങ്ങളും കേന്ദ്രത്തിലായതുകൊണ്ടാണല്ലോ ഈ പേർ പറയുന്നതു്. ഇംഗ്ലണ്ടു് ഫ്രാൻസ് എന്നീ രാജ്യങ്ങൾ ഇതിന്നുദാഹരണമാണു്. അമേരിക്കയിലും ഇന്ത്യയിലും കാണു

ന്നതുപോലെ പ്രത്യേകം പ്രത്യേകം ഭരണഘടനകളോടുകൂടിയ പ്രവിശ്യകളൊന്നും ഇവിടങ്ങളിലില്ല. ഭരണത്തെസ്സംബന്ധിക്കുന്ന എല്ലാ വിഷയങ്ങളും കേന്ദ്രത്തിലെ ജനപ്രതിനിധിസഭയിലും അതിന്റെ വിശ്വാസത്തിന്നു പാത്രമായ മന്ത്രിസഭയിലുമാണ് നിക്ഷിപ്തമായിരിക്കുന്നത്. പക്ഷെ, ഇംഗ്ലണ്ടിലെ രാജാവിന്റെ സ്ഥാനത്തു ഫ്രാൻസിൽ പ്രസിഡണ്ടാണെന്നുമാത്രം ഒരു വ്യത്യാസം പറയാം.

## സംയുക്തരാഷ്ട്രം

ഇനി സംയുക്തരാഷ്ട്രങ്ങളുടെ കഥ നോക്കുക. ചെറിയ ചെറിയ രാജ്യങ്ങൾ സ്വതന്ത്രമായിട്ടങ്ങനെ ഭരണം നടത്തിവരികയാണ് ഇവയുടെ ആദ്യഘട്ടം പരിശോധിച്ചാൽ കാണാവുന്ന സ്വഭാവം. കുറെ കഴിയുമ്പോൾ ശത്രുബാധയിൽനിന്നു രക്ഷ ലഭിക്കാനും വൻകിടയിൽപ്പെട്ട കാര്യങ്ങൾ നടത്താനും യോജിക്കേണ്ടിവരുന്നു. സംയുക്തരാഷ്ട്രങ്ങൾക്കു മകുടോദാഹരണമായ അമേരിക്കൻ ഐക്യരാജ്യങ്ങളിൽ കാണുന്ന സ്ഥിതി ഇതാണ്. സ്വാഭാവികമായ സംയുക്തരാഷ്ട്രപുരോഗതിയും ഇവ്വിധംതന്നെയാണ്. മിക്കവാറും കാര്യങ്ങളിൽ രാഷ്ട്രത്തിന്റെ ഘടകങ്ങളായ ചെറുരാജ്യങ്ങൾക്കു പരിപൂർണ്ണസ്വാതന്ത്ര്യം അനുവദിക്കുകയും പൊതുവെ ബാധകങ്ങളായ രാജ്യരക്ഷ, കമ്പിത്തപാൽ, ഗതാഗതം തുടങ്ങിയ ഏതാനും വകുപ്പുകൾ കേന്ദ്രഭരണത്തിന്നു വിട്ടുകൊടുക്കുകയുമാണ് ഇത്തരം സംയുക്തരാഷ്ട്രങ്ങളിൽ ചെയ്യുന്നത്.

ഇനി വേറൊരുതരം പരിണാമമുണ്ട്. കേന്ദ്രഭരണത്തിൽനിന്നു പകുത്തുകൊടുക്കുന്ന അധികാരങ്ങളും വെച്ചുകൊണ്ട് ചെറിയ സ്റ്റേറ്റുകൾ ഭരിക്കുക ക്യാനഡയിൽ കാണുന്ന സമ്പ്രദായം ഇതാണ്. അവിടെ സ്റ്റേറ്റുകൾ അഭിവൃദ്ധി പ്രാപിച്ച് സ്വതന്ത്രഭരണം നടത്തിക്കൊണ്ടിരിക്കുമ്പോഴല്ലാ സംയുക്തഭരണം സ്ഥാപിച്ചത്. സംയുക്താടിസ്ഥാനത്തിലുള്ള ഒരു കേന്ദ്രഭരണം ആദ്യമായുണ്ടായി. രാജ്യത്തിന്റെ വിസ്തൃതിമൂലം എല്ലാ അധികാരങ്ങളും കേന്ദ്രത്തിന്നു നേരിട്ടു

കൈകാൎയ്യം ചെയ്യാൻ പ്രയാസമായതുകൊണ്ടു് ഏതാനും കാ
ൎയ്യങ്ങൾ പൊതുരാഷ്ട്രത്തിന്റെ ഘടകങ്ങളായ പ്രവിശ്യകൾ
ക്കു വിട്ടുകൊടുത്തു. ഇങ്ങനെ, യു. എസ്. എയിൽ കേന്ദ്രീക
രണം നടന്നപ്പോൾ ക്യാനഡയിൽ വികേന്ദ്രീകരണമാണുണ്ടാ
യതു്. ഇന്ത്യാറിപ്പബ്ളിക്കും ഇക്കാൎയ്യത്തിൽ ക്യാനഡയുടെ
മാതൃകതന്നെയാണു് സ്വീകരിച്ചിട്ടുള്ളതു്. ഇവിടെ പറയത്ത
ക്ക വ്യക്തിത്വത്തോടുകൂടിയ പ്രവിശ്യകളില്ലെന്നുവേണം പറ
യാൻ.

ഇനി സ്വിററ്സർലണ്ടു് എന്ന ചെറുരാജ്യത്തിലെ സമ്പ്ര
ദായം നോക്കാം. നിങ്ങൾ കൈയ്യിന്മേൽ കെട്ടുന്ന വാച്ചുണ്ടാ
ക്കാൻ പ്രസിദ്ധിനേടിയ ഈ രാജ്യം ജനാധിപത്യഭരണത്തി
ന്റെ നല്ലൊരു മാതൃകയാണു് കാട്ടിത്തരുന്നതു്. 22 പരമാധി
കാരസ്വാതന്ത്ര്യസംസ്ഥാനങ്ങളുടെ ഒരു സംയുക്തറിപ്പബ്ളി
ക്കൻ ഭരണമാണു് അവിടെ നടക്കുന്നതു്. സംസ്ഥാനത്തിന്നു
(Canteen) എന്നു പേർ. ഇവയോരോന്നിന്നും പ്രത്യേകം നി
യമസഭ, ഭരണനിൎവ്വഹണസമിതി, നീതിന്യായവിഭാഗം എ
ന്നിവയുണ്ടു്. സംയുക്തഗവൎമ്മെന്റുണ്ടാക്കുന്ന നിയമങ്ങളെ
പ്രായപൂൎത്തിവന്നവർ ഒത്തുചേൎന്നുള്ള ഒരു ഹിതപരിശോധന
നടത്തി നിഷേധാധികാര (Veto power) മുപയോഗിച്ചു നി
രാകരിക്കാൻകൂടി സാധിക്കും. ഇതു് മററങ്ങും കാണാത്ത
ഒരു പ്രത്യേകാധികാരമാണു്. പക്ഷെ, സ്വിററ്സർലണ്ടിനെ
പ്പോലുള്ള ചെറുരാജ്യങ്ങളിൽ അതു സാധിക്കും. വലിയ രാ
ജ്യങ്ങളിൽ എല്ലായ്പോഴും ഹിതപരിശോധന നടത്തുക എളു
പ്പമല്ല.

രണ്ടു മണ്ഡലങ്ങളോടുകൂടിയതാണു് സ്വിററ്സർലണ്ടി
ലെ നിയമസഭ. 44 അംഗങ്ങളടങ്ങിയ സ്റ്റേററ് കൌൺ
സിൽ ഉപരിമണ്ഡലവും 194 അംഗങ്ങളുള്ള ദേശീയസമിതി
അധോമണ്ഡലവുമാണു്. ഈ സമിതികളുടെ കാലാവധി
4 കൊല്ലത്തേക്കാണെങ്കിലും പ്രസിഡണ്ടിനു് ഒരു കൊല്ലമേ ഉ
ദ്യോഗകാലാവധിയുള്ളു. യുദ്ധം, സമാധാനം, വിദേശങ്ങളു
മായുള്ള സഖ്യങ്ങൾ, സൈന്യം, തീവണ്ടിപ്പാത, തപാൽ,

നാണയനിർമ്മാണം എന്നിവയത്രേ കേന്ദ്രഭരണത്തിന്നു വിധേയമായിട്ടുള്ളവ.

ആസ്ത്രേലിയയിലും ഏറെക്കുറെ, യു. എസ്. എ. മാതൃകയിലുള്ള സംയുക്തഭരണമാണ് നടപ്പുള്ളതു്. ഏതാനും വിഷയങ്ങൾ കേന്ദ്രഗവൺമെണ്ടിന്നും ബാക്കിയുള്ളതു പ്രവിശ്യകൾക്കുമായി പകുത്തു വെച്ചിരിക്കുന്നു. ബ്രിട്ടീഷ് രാജാവിനെ പ്രതിനിധാനം ചെയ്യുന്ന ഒരു ഗവർണ്ണർ ജനറലാണ് ഭരണമേലദ്ധ്യക്ഷൻ. പക്ഷേ, ജനഹിതമനുസരിച്ചാണ് ഗവർണ്ണർ ജനറൽ തിരഞ്ഞെടുക്കപ്പെടുന്നതു്. പാർലിമെൻറിനോടുത്തരവാദപ്പെട്ടേ പ്രവർത്തിക്കയുമുള്ളൂ. 36 അംഗങ്ങളടങ്ങിയ സെനററും 121 അംഗങ്ങളടങ്ങിയ ജനപ്രതിനിധിമണ്ഡലവും കൂടിയതാണ് ആസ്ത്രേലിയൻ പാർലിമെൻറ്. അതിൻെറ അധികാരങ്ങളും നടപടിസമ്പ്രദായങ്ങളുമെല്ലാം ബ്രിട്ടനിലെ പാർലിമെൻറിനെ അനുകരിക്കുന്ന രീതിയിലാണ്.

ഇന്ത്യ അമേരിക്കയുടേയും ബ്രിട്ടൻെറയും നല്ല വശങ്ങൾ കൂട്ടിച്ചേർത്തുകൊണ്ടുള്ളൊരു ഭരണഘടനയാണുണ്ടാക്കീട്ടുള്ളതെന്നു മുമ്പു പറഞ്ഞുവല്ലോ! പക്ഷേ, ഇന്ത്യയെപ്പററി നിങ്ങൾ ഇന്ത്യാചരിത്രത്തിൽ സവിസ്തരം പഠിക്കുന്നതിനാൽ ഇവിടെ വിസ്തരിക്കുന്നില്ല.

ക്യാനഡയിൽ വികേന്ദ്രീകരണമാണ് ഉണ്ടായിട്ടുള്ളതെന്നു പറഞ്ഞുവല്ലോ! ബ്രിട്ടീഷ് കോമൺവെൽത്തിൽപ്പെട്ട ഈ സംയുക്തരാഷ്ട്രത്തിന്നു 1867-ലാണ് സ്വാതന്ത്ര്യം നൽകിയതു്. കാനഡാഗവൺമെണ്ടിൻെറ ശുപാർശയനുസരിച്ചു ബ്രിട്ടനാൽ നിയമിക്കപ്പെടുന്ന ഗവർണ്ണർ ജനറലാണ് ഭരണാധികാരത്തലവൻ. പാർലിമെൻറിനോടുത്തരവാദപ്പെട്ട മന്ത്രിസഭയുടെ അഭിപ്രായമനുസരിച്ചാണ് ഗവർണ്ണർ ജനറൽ ഭരണം നടത്തുക. 96 അംഗങ്ങളടങ്ങിയ സെനററും 245 അംഗങ്ങളടങ്ങിയ കോമൺസ്സഭയും കൂടിയതാണ് ഡോമിനിയൻ പാർലിമെൻറ്. കോമൺസ് സഭയുടെ നേതാവായിരിക്കും പ്രധാനമന്ത്രി.

ജനകീയരാഷ്ട്രങ്ങളുടെ രക്ഷ

ഏകാധിപത്യരാഷ്ട്രങ്ങളെ അപേക്ഷിച്ച് ജനകീയരാഷ്ട്രങ്ങൾക്കു ഭദ്രതയുണ്ട്. എന്താണിതിന്നു കാരണം? ഏകാധിപത്യരാഷ്ട്രങ്ങളിൽ ഭരണാധികാരിയുടെ ഇച്ഛാനുസരണം പ്രവർത്തിക്കുകയാണ് പതിവ്. പക്ഷെ, ജനാധിപത്യ രാഷ്ട്രങ്ങളിൽ ഭരണാധികാരികൾക്ക് അത്രയും സ്വാതന്ത്ര്യമില്ല. ഭരണഘടനയിലെ വ്യവസ്ഥകളിൽനിന്നു വ്യതിചലിക്കാൻ അവർക്കധികാരമില്ല. ഇങ്ങനെ ജനങ്ങളുടെ താല്പര്യങ്ങൾ ജനാധിപത്യരാഷ്ട്രങ്ങളിൽ ഭദ്രമായതുകൊണ്ടാണ് അത്തരം ഭരണസമ്പ്രദായത്തിന്നു കൂടുതൽ പ്രചാരം സിദ്ധിച്ചിട്ടുള്ളത്.

എന്നാൽ ഇത്തരം ഭരണഘടനാവ്യവസ്ഥകൾ എല്ലാ ജനാധിപത്യരാഷ്ട്രങ്ങളിലും എഴുതിത്തയ്യാറാക്കി വെച്ചിട്ടുണ്ടെന്നു തെററിദ്ധരിക്കരുത്. ചിലേടത്ത് കേവലം പാരമ്പര്യങ്ങളാണ് ഇവയ്ക്കുള്ള പ്രമാണം. വളരെക്കാലമായി നടപ്പുള്ള വഴക്കങ്ങളാണ് അവിടെ ഭരണഘടനാവ്യവസ്ഥകൾക്കാധാരം. ഇംഗ്ലണ്ട് ഇത്തരത്തിൽപ്പെട്ട ഒരു രാജ്യമാണ്. പലകാലത്തുമായി പരിഷ്കരിച്ചുവന്നിട്ടുള്ള പ്രമാണങ്ങളുടെ സമാഹാരമാണ് അവിടത്തെ ഭരണഘടന. 1215-ൽ 'ജോൺ' എന്ന രാജാവിന്റെ അധികാരങ്ങളെ നിയന്ത്രിക്കാൻ നടപ്പാക്കിയ അധികാരപത്രിക (Magna Carta) മുതല്ക്കങ്ങനെ പുരോഗമിച്ചുവന്നിട്ടുള്ളതാണത്. അതിനെത്തുടർന്നുണ്ടായ അവകാശബില്ല് (Bill of Rights), പിന്തുടർച്ചാവകാശനിയമം (Act of Settlement) മുതലായവ ഈ പുരോഗതിയുടെ പന്ഥാവിലുള്ള നാഴികക്കല്ലുകളാണ്.

ഇത്തരം അലിഖിത ഭരണഘടനകൾക്കൊരു മെച്ചമുണ്ട്. എന്താണത്? കാലഗതിക്കനുസരിച്ച് പരിഷ്കാരങ്ങൾ വരുത്താൻ പ്രയാസമൊന്നുമില്ല. അങ്ങനെ, ഭരണഘടന ശിഥില (Flexible) മാണെന്നൊരു മെച്ചം പറയാതെ തരമില്ല.

ഇനി ലിഖിതഭരണഘടനകളുടെ സ്ഥിതി നോക്കാം: ഇന്ത്യ, അമേരിക്ക, ഫ്റാൻസ്, സ്വിററ്സർലണ്ട് തുടങ്ങിയ

രാജ്യങ്ങളിലെല്ലം ലിഖിതഭരണഘടനകളാണ് നാം കാണുന്നതു്. അവ 'ദൃഢ'മാണെന്നത്രേ മെച്ചം പറയുക. അതിലെ പ്രമാണങ്ങൾ ആർക്കും എപ്പോഴും മനസ്സിലാക്കാം. അങ്ങനെവരുമ്പോൾ പൌരാവകാശത്തിന്നു ഭദ്രതയുണ്ട്. ജനാധിപത്യരാജ്യങ്ങൾ കൂടുതലായി ഇഷ്ടപ്പെടുന്നതു് ഇത്തരം ലിഖിതഭരണഘടനയാണ്. എന്നാൽ, സ്ഥിരവും ശാശ്വതവുമായി നില്ക്കത്തക്ക ലിഖിതഭരണഘടനകൾ ഒരിടത്തും സാദ്ധ്യമല്ലെന്നുകൂടി പറഞ്ഞുകൊള്ളട്ടെ. തത്തത്സന്ദർഭങ്ങളിലുണ്ടാകുന്ന ആവശ്യങ്ങളനുസരിച്ചു. നീതിന്യായക്കോടതികളിലെ തീർപ്പുകളും നിയമസഭകളിലെ ഭേദഗതിബില്ലുകളും മൂലമായി പുതിയവ്യവസ്ഥകളും നിലവിലുള്ള വ്യവസ്ഥകൾക്ക് ഉചിതമായ വ്യാഖ്യാനങ്ങളും ഉണ്ടായിക്കൊണ്ടിരിക്കും.

ഇത്രയും പരിശോധിച്ചതിൽ ശിഥിലം, ദൃഢം എന്നു ഭരണഘടനകൾക്കു രണ്ടവസ്ഥകൾ കണ്ടു്. ഇതിൽ ഏതാണ് മെച്ചം? എഴുതിവെക്കാത്ത ശിഥിലഭരണഘടനകളിൽ പൌരാവകാശങ്ങൾക്കു ഭദ്രതയില്ലെന്നൊരാക്ഷേപം പറയുന്നതുകൊണ്ടു് ആർക്കും അത്ര മതിപ്പില്ല അതിൽ. നേരെമറിച്ച്, എഴുതിവെച്ചിട്ടുള്ള പ്രമാണങ്ങൾ കാലോചിതഭേദഗതികൾക്കു വിധേയമാക്കാൻ കഴിയില്ലെങ്കിലും ആക്ഷേപമുയർത്തും. അതുകൊണ്ടു്, യഥാർത്ഥമായ ജനഹിതത്തിന്നു വിധേയമാംവണ്ണം ഭരണഘടനയിൽ ഭേദഗതികൾവരുത്താൻവേണ്ട വ്യവസ്ഥകളോടുകൂടിയ ലിഖിതവും ദൃഢവുമായ ഭരണഘടനയാണ് അഭിലഷണീയമായതു്. ഇന്ത്യാറിപ്പബ്ളിക്ക് അത്തരത്തിലുള്ളതാണ്. കേന്ദ്രനിയമസഭകളുടെ ആകത്തുകയുടെ ഭൂരിപക്ഷവും ഹാജരുള്ളവരുടെ മൂന്നിൽ രണ്ടംശവും അംഗങ്ങൾ സമ്മതിക്കുന്ന ഭേദഗതികൾ ഇന്ത്യാറിപ്പബ്ളിക്കിന്റെ ഭരണഘടനയിൽ വരുത്താവുന്നതാണ്.

# നാലാം അദ്ധ്യായം

## ജനാധിപത്യരാജ്യങ്ങളും കക്ഷിസമ്പ്രദായങ്ങളും

ഒന്നിലധികം ആളുകൾചേൎന്നു് ഒരു കാൎയ്യം നിൎവ്വഹിക്കുമ്പോൾ ഒന്നിലധികം അഭിപ്രായങ്ങളുമുണ്ടാകുക പതിവാണു്. ജനാധിപത്യരാജ്യങ്ങളിൽ കക്ഷിപ്രചാരണത്തിന്നുള്ള കാരണം ഇതാണു്. പലരുംചേൎന്നാണു് രാജ്യഭരണം നിൎവ്വഹിക്കുന്നതു്. അപ്പോൾ കക്ഷികളുണ്ടാകാതിരിക്കുന്നതെങ്ങിനെ ?

രാഷ്ട്രീയരംഗത്തിൽ ഇങ്ങനെ കക്ഷി സമ്പ്രദായത്തിന്റെ പ്രശസ്തമായൊരു പാരമ്പൎയ്യം സമ്പാദിച്ചിട്ടുള്ള രാജ്യമാണു് ബ്രിട്ടൻ. 'വിഗ്ഗ്' എന്നും 'ടോറി' എന്നും പേരുള്ള രണ്ടു കക്ഷികളേ പണ്ടുണ്ടായിരുന്നുള്ളു. എന്നാൽ, ഇപ്പോഴോ ? (i) ലേബർ പാൎട്ടി (തൊഴിലാളി കക്ഷി.) (ii) കൺസർവേററീവ് പാൎട്ടി (യാഥാസ്ഥിതിക കക്ഷി) (iii) ലിബറൽ നാഷണൽ പാൎട്ടി (ദേശീയോല്പതിഷ്ണുകക്ഷി.) (iv) ലിബറൽ പാൎട്ടി (ഉല്പതിഷ്ണുകക്ഷി (v) കമ്മ്യൂണിസ്റ്റ് കക്ഷി എന്നിങ്ങനെ അഞ്ചു കക്ഷികളുണ്ടു് ബ്രിട്ടനിൽ. ഇവിടെ നല്കിയിരിക്കുന്ന പേരുകളൊക്കെ അതാതു കക്ഷികൾ സ്വീകരിച്ചിട്ടുള്ള ആദൎശങ്ങളെ അന്വൎത്ഥമാക്കുന്നുണ്ടെന്നു തെററിദ്ധരിച്ചു പോകരുതു്. ഒരു പക്ഷെ, ഇംഗ്ലണ്ടിൽ കക്ഷികളുടെ നാമധേയവും ആദൎശവും തമ്മിൽ പൊരുത്തം കണ്ടെന്നു തന്നെ വന്നേക്കാമെങ്കിലും എല്ലായിടത്തും അങ്ങനെയാണെന്നു് നിങ്ങൾ വിശ്വസിക്കരുതു്. സുകുമാരി എന്നു പേരുണ്ടായിട്ടും കാഴ്ചയ്ക്കു പ്രാകൃതരൂപമായിട്ടുള്ള പെൺകുട്ടികളില്ലേ ? എല്ലാ സുകുമാരന്മാരും സുന്ദരന്മാരാണോ? ഇതു തന്നെയാണിന്നു് രാഷ്ട്രീയകക്ഷികളുടെ പേരിന്റെ നിലയും.

ഇംഗ്ലണ്ടിലെ മേല്പറഞ്ഞ നാലു കക്ഷികളുടെ നേതാക്കന്മാർ യഥാക്രമം ക്ലെമന്റ് അററ്ലി, വിൻസ്റ്റൺ ചൎച്ചിൽ,

ടെവിയററ് പ്രഭു, ക്ലെമെൻറ് ഡേവീസ് എന്നിവരാണ്. കമ്മ്യൂണിസ്റ്റ് കക്ഷിക്ക പറയത്തക്ക പ്രാബല്യമൊന്നും വന്നു കഴിഞ്ഞിട്ടില്ല ബ്രിട്ടനിൽ.

അമേരിക്കയിൽ പ്രധാനമായി രണ്ടു കക്ഷികളേ ഉള്ളൂ. അവ ഡെമോക്രാററിക്ക് കക്ഷി, റിപ്പബ്ളിക്കൻ കക്ഷി എന്നിവയാണ്. പറയത്തക്ക ആദർശഭിന്നതകളോ അഭിപ്രായവ്യത്യാസങ്ങളോ ഈ കക്ഷികൾതമ്മിൽ ഇല്ല. ഇക്കഴിഞ്ഞ എണ്പതു കൊല്ലക്കാലമായി ഇവ രണ്ടും അമേരിക്കയിൽ മാറിമാറി അധികാരത്തിൽ വരുന്നതായിട്ടാണ് നാം കാണുന്നത്. ഇന്ന് ഡെമോക്രാററിക്ക് കക്ഷിക്കാണ് നേതൃത്വം.

ഇനി ഇന്ത്യയിലേക്ക മടങ്ങിവരാം. കക്ഷിപ്രചാരണത്തിൻെറ ക്ഷേത്രരങ്ങായിത്തീന്നിട്ടുണ്ട് സ്വതന്ത്രഭാരതം. (i) ഇന്ത്യൻ നാഷണൽ കോൺഗ്രസ്, (ii) സോഷ്യലിസ്റ്റ് കക്ഷി, (iii) കമ്മ്യൂണിസ്റ്റ് കക്ഷി, (iv) ഹിന്ദുമഹാസഭ, (v) മുസ്ലീംലീഗ് (vi) ഫോർവേർഡ് ബ്ലോക്ക് (vii) സോഷ്യലിസ്റ്റ് റിപ്പബ്ളിക്കൻ കക്ഷി, (viii) റാഡിക്കൽ ഡെമോക്രാററിക്ക് കക്ഷി, (ix) രാഷ്ട്രീയസ്വയംസേവകസംഘം (ആർ. എസ്. എസ്) (x) പട്ടികജാതിസംയുക്തകക്ഷി. (xi) ഷിയാപൊളിററിക്കൽ കോൺഫറൻസ് എന്നിത്രയും സാമാന്യം മെച്ചപ്പെട്ടവയാണ്. ഇവയ്ക്കുപുറമെ, നാഷണൽ ലിബറൽ ഫെഡറേഷൻ, അകാലികക്ഷി, അഖിലേന്ത്യാമുസ്ലീംമജ്ലീകക്ഷി, ജാമിയത്ത്-ഉൽഉലെമാ-മോമിൻ അൻസാർസഭ, റെവല്യൂഷനറി സോഷ്യലിസ്റ്റ് കക്ഷി, ഡെമോക്രാററിക്ക് വാൻ ഗാർഡ്, ബോൾഷവിക് കക്ഷി എന്നിങ്ങനെ പേരുകൾ പെരുകിപ്പെരുകിവരുന്നു, രാജ്യത്തിൻെറ വിസ്തൃതി, ജാതിമതവർഗ്ഗവൈചിത്ര്യം, ഭാഷാവൈചിത്ര്യം തുടങ്ങിയ കാരണങ്ങൾ ഇങ്ങനെയുള്ള കക്ഷിപ്പെരുപ്പത്തിനു പ്രോത്സാഹനം നല്കുന്നു. അതുകൊണ്ട് ഇന്ത്യയിൽ ഇത്രയധികം കക്ഷികളെ കാണുന്നതിൽ അതിശയിക്കാനില്ല.

എങ്ങനെയാണ് ഇത്തരം കക്ഷികളുടെ പ്രവത്തനം? ഓരോ കക്ഷിക്കും പ്രത്യേകം ആദർശങ്ങളും ലക്ഷ്യങ്ങളുമുണ്ടായി

രിക്കും. അവയോടു യോജിക്കുന്നവരാണ് അതിൽ ചേരുക. അങ്ങനെ അംഗങ്ങളായി ചേരുന്നവർക്കു മാർഗ്ഗനിർദ്ദേശം നല്കാൻ വേണ്ട അച്ചടക്ക നിബന്ധനകളും കക്ഷിയുടെ പ്രവർത്തനത്തിന്നാവശ്യമായ ഭരണഘടനയും നിയമാവലിയും, കാര്യനിർവ്വഹണസമിതിയും, കാര്യാലയവും എല്ലാം അത്യാവശ്യമാണ്.

സർവ്വോപരി, മൂലധനവും, കക്ഷിയുടെ പ്രവർത്തനം മന്ദീഭവിച്ചു പോകാതിരിക്കണമെങ്കിൽ, അത്യാവശ്യമാണ്. നിയമസഭയിലേക്കുള്ള തിരഞ്ഞെടുപ്പിൽ അർഹതയുള്ളവരെ മത്സരിക്കാൻ നിർത്തണമെങ്കിൽ ചിലപ്പോൾ സംഘടനയ്ക്കു മൂലധനമുണ്ടായാലേ സാധിക്കുള്ളൂ. അതില്ലാതെവരുമ്പോൾ അർഹതയില്ലാത്തവരേയും ആദർശശുദ്ധിയില്ലാത്തവരേയും, അവരുടെ കൈവശം പണമുണ്ടെന്നുള്ള കാരണത്താൽ മാത്രം, സ്ഥാനാർത്ഥികളായി സ്വീകരിക്കേണ്ടിവരും.

ഇങ്ങനെ തിരഞ്ഞെടുക്കപ്പെടുന്ന ഓരോ കക്ഷിക്കും നിയമസഭയ്ക്കകത്തും സംഘടനയുണ്ടായിരിക്കും. അവിടെ കാര്യനിർവ്വഹണത്തിന്റെ നേതൃത്വം വഹിക്കുന്ന ആളെ വിപ്പ് (Whip) എന്നാണ് പറയുക. സഭയുടെ ആലോചനയ്ക്കു വരുന്ന പ്രമേയങ്ങളെക്കുറിച്ച് പരിചിന്തിക്കുവാനും മറ്റും കക്ഷിയുടെ യോഗം വിളിച്ചു കൂട്ടുന്നതു് ഈ വിപ്പ് ആണ്.

ഇനി ഇത്തരം രാഷ്ട്രീയകക്ഷികളുടെ പ്രവർത്തനം മൂലം ജനകീയ ഭരണത്തിന്നു സിദ്ധിക്കുന്ന ഗുണങ്ങളും ദോഷങ്ങളും പരിശോധിക്കാം. കക്ഷിസമ്പ്രദായം ശരിയാംവണ്ണം വളർന്നിട്ടില്ലാത്ത സ്ഥലങ്ങളിൽ ജനാധിപത്യഭരണം സാദ്ധ്യമല്ലെന്നുപോലും രാഷ്ട്രമീമാംസകന്മാർ അഭിപ്രായപ്പെടുന്നു. എന്താണിതിന്നു കാരണം?

ആരാണ് ജനാധിപത്യരാജ്യങ്ങളിൽ ഭരണം നടത്തുന്നതു്? ജനപ്രതിനിധികൾ. ഇവർക്കു രാഷ്ട്രീയകാര്യങ്ങളിൽ എങ്ങനെ പരിശീലനം സിദ്ധിക്കുന്നു? കക്ഷിസംഘടനകളുണ്ടായാൽ അതിന്നു സൗകര്യമുണ്ട്. രാഷ്ട്രീയപ്രശ്നങ്ങൾ പലരുംകൂടി ചിന്തിച്ച് തീരുമാനങ്ങളിലെത്തിച്ചേരുന്നു. ഭിന്നാ

ഭിപ്രായങ്ങൾ ഉരച്ചുനോക്കി നല്ലവ സ്വീകരിക്കാൻ സൌകൎയ്യമുണ്ടാക്കുകയാണ് സംഘടനകൾ ചെയ്യുന്നതു്. അങ്ങനെ, പൊതുജനനേതാക്കന്മാരാകാനുള്ളവൎക്കു വേണ്ട രാഷ്ട്രീയശിക്ഷണം കക്ഷിപ്രചാരണത്തിൽ നിന്നത്രേ ലഭിക്കുന്നതു്.

ശിക്ഷണം സിദ്ധിച്ച നേതാക്കന്മാരെ വകതിരിച്ചറിയാൻ കഴിയാത്തവരാണ് സമ്മതിദായകന്മാരെങ്കിലോ? അതും ജനാധിപത്യ ഭരണത്തിന്റെ തകൎച്ചയ്ക്കു കാരണമായിത്തീരും. കൊള്ളാവുന്നവരേയും കൊള്ളരുതാത്തവരേയും വിവേചിച്ചറിയണം. പണംകൊണ്ടോ മിരട്ടുകൊണ്ടോ സമ്മതിദായകന്മാർ വശീകരിക്കപ്പെട്ടുപോകരുതു്. ഇതിനെന്താണ് ഉപായം? വോട്ടവകാശികൾക്കു ശിക്ഷണം ലഭിക്കണം. കക്ഷിസമ്പ്രദായം പ്രചാരത്തിലുള്ള സ്ഥലങ്ങളിൽ പ്രചാരണയോഗങ്ങൾ വഴിയായും, പത്രങ്ങൾ മുഖേനയും മററും പൊതുജനങ്ങൾക്കു രാഷ്ട്രീയകാൎയ്യങ്ങളിൽ പരിചയം സിദ്ധിക്കുന്നു.

ഇനി വേറൊന്നു പറയാം. ഭൂരിപക്ഷ ഭൂരിസുഖമാണല്ലോ ജനകീയഭരണത്തിന്റെ ലക്ഷ്യം. ഇതെങ്ങനെ ജനപ്രതിനിധികളായ ഭരണകൎത്താക്കൾ അറിയും? ഓരോ കാൎയ്യവും തത്തത്സന്ദൎഭങ്ങളിൽ ഭരണസഭയെ അറിയിക്കാൻ സാധിക്കുമോ? അഥവാ, ചിലർ അറിയിച്ചാൽത്തന്നെ അതു ഭൂരിപക്ഷാഭിപ്രായമാണെന്നു നിൎണ്ണയിക്കുന്നതെങ്ങനെ? എന്നാൽ കക്ഷിസമ്പ്രദായം പ്രബലപ്പെട്ടിട്ടുള്ള രാജ്യങ്ങളിൽ ഓരോ കക്ഷിയുടേയും തിരഞ്ഞെടുപ്പുവിജ്ഞാപനങ്ങളെ ആധാരമാക്കീട്ടായിരിക്കും സമ്മതിദായകന്മാർ താന്താങ്ങളുടെ പ്രതിനിധിയെ നിൎണ്ണയിക്കുന്നതു്. ഇങ്ങനെ, തിരഞ്ഞെടുക്കപ്പെടുന്ന കക്ഷി, ഭൂരിപക്ഷത്തിന്റെ അഭിപ്രായത്തെയാണ് പ്രതിനിധാനംചെയ്യുന്നതെന്നു് ഇതുകൊണ്ടു വ്യക്തമാകാം. വാസ്തവമാലോചിച്ചാൽ, ആളുകളല്ലാ ആദൎശങ്ങളാണ്, അഭിലാഷങ്ങളാണ്, നയങ്ങളാണ് തിരഞ്ഞെടുക്കപ്പെടുന്നതു്. ജനപ്രതിനിധികൾ അവയുടെ വക്താക്കൾമാത്രം. ഇങ്ങനെ, കക്ഷിസമ്പ്രദായം ഭൂരിപക്ഷാഭിപ്രായത്തെ സ്വരൂപിക്കുവാൻ സഹായിക്കുന്നു.

ഇനി, വേറൊരു മെച്ചം പറയാം. രാഷ്ട്രീയകക്ഷികളുടെ ആഭിമുഖ്യത്തിൽ നടത്തപ്പെടുന്ന പൊതുയോഗങ്ങളിൽ പലരും തങ്ങളുടെ അഭിപ്രായം പ്രകടിപ്പിക്കുന്നതിനാൽ പല പ്രശ്നങ്ങളും വിവേചനാപൂർവ്വം ചർച്ചചെയ്യാൻ അവസരം സിദ്ധിക്കുന്നു. ഇങ്ങനെ, പലരുടേയും അവധാനപൂർവ്വകമായ പര്യാലോചനയ്ക്കു വിധേയമാക്കാം ഭരണപ്രശ്നങ്ങളെ.

രാജ്യഭരണത്തെ നിശിതമായി നിരീക്ഷിക്കുകയും രൂക്ഷമായി വിമർശിക്കുകയും ചെയ്യാൻ കക്ഷിമത്സരം സഹായിക്കുന്നുണ്ടെന്നുള്ളതാണ് അതിപ്രധാനമായ മറ്റൊരു ഗുണം. ഭരണാധികാരികളുടെ നെറുകയിൽ മൂർച്ചയേറിയ കരവാളാണ് തൂങ്ങിക്കിടക്കുന്നതെന്നു പറയുന്നതിന്റെ താല്പര്യം ഇതാണ്. ഇങ്ങനെ രാഷ്ട്രീയകക്ഷികൾ രാജ്യഭരണത്തെ വിമർശിച്ചുകൊണ്ടിരിക്കുന്നതിനാൽ ന്യൂനതകൾ പലതും അപ്പപ്പോൾ പരിഹരിക്കപ്പെടുന്നു.

ഇനി വേറൊരുമെച്ചം പറയാം. പ്രാപ്തിയും, തന്റേടവും ബുദ്ധിശക്തിയുമുള്ളവർക്കു നേതൃത്വം ലഭിക്കാനും ഭരണവിഷയത്തിൽ പങ്കെടുക്കാനും കക്ഷിസമ്പ്രദായംമൂലം സാധിക്കുന്നു. പണമില്ലെന്ന കാരണത്താൽ വെളിച്ചത്തുവരാൻ വിഷമിക്കുന്ന അത്തരക്കാർക്ക് കക്ഷിയുടെ പിൻബലത്തോടുകൂടി ഉത്തരവാദപ്പെട്ട സ്ഥാനങ്ങളിലെത്തിച്ചേരാൻ സാധിക്കുന്നു. ചുരുക്കത്തിൽ, നല്ലവർക്കു പുറത്തുവരാൻ അവസരം നല്കുന്നു കക്ഷിസമ്പ്രദായം.

ഇങ്ങനെ, ഭരണവിഷയത്തിൽ പൌരന്മാർക്കും പൌരപ്രമാണികൾക്കും പരിശീലനം നല്കുക, പൊതുജനാഭിപ്രായം സ്വരൂപിക്കുക, അഭിപ്രായങ്ങൾ ചർച്ചചെയ്യാൻ അവസരം നല്കുക, രാജ്യഭരണത്തെ വിമർശിക്കുക, അർഹതയുള്ളവരെ ചുമതലപ്പെട്ട സ്ഥാനങ്ങളിലേക്കുയർത്തുക എന്നിങ്ങനെ പല നേട്ടങ്ങളും കക്ഷിസമ്പ്രദായംകൊണ്ടു സിദ്ധിക്കാൻ വിരോധമില്ല.

എന്നാൽ, ഇതിനൊക്കെ മറുവശങ്ങളില്ലേ? ഉണ്ട്. കക്ഷിമത്സരം മുഴുക്കുമ്പോൾ പൊതുജനാഭിലാഷത്തേക്കാൾ

ക്കൂടുതലായി വ്യക്തിവിദ്വേഷത്തിന്നു പ്രാബല്യം വൎദ്ധിക്കുന്നതു കാണാം. അതു നേതാക്കന്മാർ തമ്മിൽ മാത്രമല്ല, നേതാക്കന്മാരെ സഹായിച്ചവർ തമ്മിലും ഉണ്ടാകും. ഇങ്ങനെ, കലഹത്തിന്നു വിത്തിട്ടുകൊടുക്കുന്നു കക്ഷിസമ്പ്രദായം.

കക്ഷിസമ്പ്രദായം പ്രബലപ്പെട്ടാൽ അതിലെ അംഗങ്ങളെല്ലാം അച്ചടക്കത്തിന്നു വിധേയരായിത്തീരുന്നുണ്ടല്ലോ! ഈ അച്ചടക്കം പലപ്പോഴും കക്ഷിയുടെ ഘടകങ്ങളായ അംഗങ്ങളെ കേവലം കൈപ്പൊക്കിയന്ത്രങ്ങളാക്കിത്തീൎക്കുന്നു. ഇങ്ങനെ ഭൂരിപക്ഷത്തിന്റെ പേരിൽ വ്യക്തിമാഹാത്മ്യം മങ്ങിപ്പോകുന്നു.

ഈ ഭൂരിപക്ഷമല്ലേ എപ്പോഴും അഭികാമ്യം? അതു പറയാൻ തരമില്ല. ഓരോ അംഗവും സ്വാൎത്ഥലാഭത്തിന്റെ പേരിൽ പൊതുക്ഷേമത്തെ ബലികഴിച്ചെന്നുവരാം. അത്തരം ഘട്ടങ്ങളിൽ ഒന്നോ രണ്ടോ വിശാലമനസ്കരുടെ അഭിപ്രായത്തിന്നു മുഖം കാട്ടാൻപോലും കക്ഷിയുടെ അച്ചടക്കനിബന്ധനമൂലം സാധിക്കാതായിത്തീരുന്നു.

അധികാരഭ്രമംമൂലം രാഷ്ട്രീയകക്ഷികൾ ധനസഹായാൎത്ഥം ധനികന്മാരെ ആശ്രയിക്കുകയും തന്മൂലം അവരെ പ്രീണിപ്പിക്കാൻവേണ്ടി ആദൎശങ്ങളെ കളഞ്ഞു കുളിക്കുകയും ചെയ്യുന്നതാണ് നാം കാണാറുള്ള മറ്റൊരു ദോഷം. കക്ഷിയുടെ സംഘടന പ്രബലപ്പെടുമ്മുമ്പെ അധികാരത്തിലേക്കുയരാൻ ആലോചിക്കുമ്പോഴാണ് ഈ ന്യൂനത വന്നുചേരുന്നതു്.

കക്ഷിയുടെ വിജയത്തിന്നുവേണ്ടി കൊള്ളരുതാത്തവരെ നേതൃത്വത്തിലേക്കു നയിക്കുകയും പതിവാണ്. ഇതും പണത്തിന്റെ മെരട്ടുകൊണ്ടുതന്നെ സംഭവിക്കുന്നതാണ്, തിരഞ്ഞെടുപ്പുകളിലും മററും മത്സരിക്കുവാൻ ഇമ്മട്ടിൽ താല്ക്കാലികമായി പലരേയും കക്ഷിയിൽ ചേൎത്തു മുദ്രയടിച്ചുവിടാറുണ്ടു്. തിരഞ്ഞെടുപ്പിൽ വിജയിച്ചാൽ അവർ കക്ഷിയുടെ വാഗ്ദാനങ്ങളെ വകവയ്ക്കാതായിത്തീരുന്നു. ഇതു് കക്ഷിക്കും, അതിലുൾപ്പെട്ടവൎക്കും അതിനാൽ വഞ്ചിക്കപ്പെടുന്ന രാജ്യത്തിന്നും ആപല്ക്കരമാണ്.

ഇങ്ങനെ, ഗുണങ്ങളും ദോഷങ്ങളും നാം കണ്ടു. ഇതിൽനിന്നു് എന്തു മനസ്സിലാകുന്നു? രാഷ്ട്രീയകക്ഷികൾ ആവശ്യമില്ലെന്നഭിപ്രായമുണ്ടോ? അതു വയ്യ; എന്തുകൊണ്ടെന്നാൽ, രാജ്യഭരണം കൈമിടുക്കുള്ളവനു തെന്നുംപാടാൻ വിട്ടുകൊടുക്കുന്നതിനു തുല്യമാണതു്. ദോഷങ്ങളെ പരിഹരിക്കാൻ സാധിക്കുമോ എന്നാണു് നാം നോക്കേണ്ടതു്. അതിനുള്ളമാർഗ്ഗങ്ങൾ പറയാം.

തക്കംനോക്കികളും സ്വാർത്ഥബുദ്ധികളുമായവരിൽ നേതൃത്വം സമർപ്പിക്കാതെ നോക്കുക. നേതാക്കന്മാർ വിശാലമനസ്സരും ത്യാഗസന്നദ്ധതയുള്ളവരും പൊതുക്ഷേമതല്പരന്മാരും, സർവ്വോപരി വിദ്യാസമ്പന്നരുമായിരിക്കണം. ഇങ്ങനെയുള്ള നേതാക്കന്മാർ നന്നായാൽ, അവർ തമ്മിൽ സംഘട്ടനമുണ്ടാകയില്ല.

കൊള്ളാവുന്ന നേതാക്കന്മാരാൽ നയിക്കപ്പെടുമ്പോൾ അവരുടെ പിൻതാങ്ങികൾക്കും മത്സരത്തിനു മുതിരേണ്ടിവരില്ല. സ്വാർത്ഥതല്പരന്മാരായ നേതാക്കന്മാരുടെ കുത്തിത്തിരിപ്പിൽപെട്ടു കടകം തിരിഞ്ഞിട്ടാണു് മററുള്ളവർ തമ്മിൽ ഏററുമുട്ടുന്നതു്.

വ്യക്തികളുടെ അഭിപ്രായസ്വാതന്ത്ര്യം നിഹനിക്കപ്പെടുന്നതും സ്വാർത്ഥതല്പരന്മാരായവരിൽ നേതൃത്വം സമർപ്പിക്കുമ്പോഴാണു്. നാം തിരഞ്ഞെടുക്കുന്ന നേതാക്കന്മാർ ഹൃദയശുദ്ധിയുള്ളവരാണെങ്കിൽ പൊതുക്ഷേമത്തെ ബലികഴിച്ചു് സ്വന്തം താല്പര്യങ്ങൾക്കുവേണ്ടി മുമ്പിട്ടു വരികയില്ല.

പക്ഷെ, ഇത്തരം നേതാക്കന്മാരെ എങ്ങനെയാണു് ലഭിക്കുന്നതു്? അതിനു പ്രയാസമില്ല. രാഷ്ട്രീയകക്ഷികൾ ഇന്നലെ പെയ്ത മഴയ്ക്കു് ഇന്നു മുളച്ച തകരകൾ പോലുള്ളവയാകാതിരുന്നാൽ മതി. ചിരകാലത്തെ പ്രവർത്തനംകൊണ്ടു് പ്രശസ്തമായൊരു പാരമ്പര്യം സമ്പാദിക്കുന്നതുവരെ അധികാരപദങ്ങളിലേക്കു കാലൂന്നാൻ അനുവദിക്കരുതു്. തിരഞ്ഞെടുപ്പിൽ മത്സരിക്കാനും, മന്ത്രിപദം സ്വീകരിക്കാനും ബദ്ധപ്പെടുമ്പോഴാണു്

മൂന്നാംകിട നേതാക്കന്മാരെ ആശ്രയിക്കേണ്ടിവരുന്നതു്. ധാരാളം മൂലധനവും പൊതുജന സേവനത്തിൻെറ പാരമ്പര്യവും സമ്പാദിച്ചശേഷമേ അങ്ങോട്ടേക്കഴിച്ചു വിടാവൂ. ഇരുന്നിട്ടേ കാലു നീട്ടാവൂ എന്നർത്ഥം.

ഇതെല്ലാം സാധിക്കണമെങ്കിൽ പൌരന്മാക്കു പഠിപ്പും പൊതുക്കാര്യപ്രസക്തിയും വിമർശനബുദ്ധിയും ഉണ്ടായേ കഴിയൂ. അതാണ് ജനാധിപത്യഭരണം അഭ്യസ്തവിദ്യക്കേ സാധിക്കൂവെന്നു പറയുന്നതു്. നിർബ്ബന്ധവിദ്യാഭ്യാസം ജനാധിപത്യരാജ്യങ്ങളിൽ അത്യാവശ്യമാണെന്നു പറയുന്നതിൻെറ മുഖ്യകാരണം തന്നെ ഇതാണ്. ചുരുക്കത്തിൽ, പൊതുജനങ്ങൾ അഭ്യസ്തവിദ്യരും പൊതുക്കാര്യ പ്രസക്തരുമായിരിക്കുക, അവർ സംബന്ധിക്കുന്ന രാഷ്ട്രീയ കക്ഷികൾ ചിരവും പ്രശസ്തവുമായ സേവനപാരമ്പര്യം സമ്പാദിക്കുന്നതുവരെ അധികാര സ്ഥാനങ്ങളിലേക്കു കുതിക്കാൻ ശ്രമിക്കാതിരിക്കുക, വിശാലഹൃദയരും ത്യാഗസന്നദ്ധരുമായ നേതാക്കന്മാരുടെ നേതൃത്വമുണ്ടായിരിക്കുക—ഇത്രയും സാധിച്ചാലേ രാഷ്ട്രീയകക്ഷികളുടെ പ്രവർത്തനം ജനാധിപത്യരാജ്യങ്ങളെ ഉൽക്കർഷത്തിലേക്കു നയിക്കുകയുള്ളൂ.

# അഞ്ചാം അദ്ധ്യായം

## ജനപ്രതിനിധിസഭകൾ

പ്രതിനിധിസഭകളുടെ സംയുക്തമായ പ്രവൎത്തനം സുലഭമായിത്തീൎന്നിട്ടുള്ളൊരു കാലമാണിതു്. പഞ്ചായത്തു്, മുനിസിപ്പാലിററി, നിയമസഭ എന്നിങ്ങനെ രാജ്യഭരണസംബന്ധമായ കാൎയ്യങ്ങളിൽ മാത്രമല്ലാ, മററു രംഗങ്ങളിലും ജനപ്രതിനിധികളുടെ സംരംഭമാണിന്നു മുഖ്യമായിട്ടുള്ളതു്. ലോകജീവിതം ഇന്നത്തെപ്പോലെ ബഹുമുഖമല്ലാതിരുന്ന പഴയ കാലത്തു് ഏതു കാൎയ്യവും എല്ലാവരും കൂടി ആലോചിച്ചു ചെയ്യാമായിരുന്നു. പൊതുജനങ്ങൾ ഒരു ചന്തസ്ഥലത്തു സമ്മേളിച്ചു് തങ്ങളുടെ കാൎയ്യങ്ങളൊക്കെ തുറന്നു പ്രസ്താവിക്കാറുള്ളൊരു കാലമുണ്ടായിരുന്നു. പണ്ടു റോമാനഗരത്തിൽ അതു നടപ്പുണ്ടായിരുന്നു. പക്ഷെ, ഇന്നുണ്ടോ അതു സാധിക്കുന്നു ?

എന്തുകൊണ്ടാണതു സാധിക്കാത്തതു് ? പണ്ടുള്ളതിൻെറ പതിനായിരം മടങ്ങു വൎദ്ധിച്ചിരിക്കുന്നു ജനസംഖ്യ. നിങ്ങളുടെ നാട്ടിൽ ഒരു റേഡിയോ സ്ഥാപിക്കണം എന്നൊരു തീരുമാനമെടുക്കാൻ നാട്ടിലെ പൌരന്മാരെല്ലാവരും കൂടി സമ്മേളിക്കണമെന്നുവന്നാൽ എങ്ങനെ നടക്കും.? അവൎക്കെല്ലാവൎക്കും കൂടി വന്നു നില്ക്കാൻ സാധിക്കുന്ന സ്ഥലമെവിടെ ? അഥവാ, അതു സാധിച്ചാൽ തന്നെ അതൊരു ചെറിയ നാടിനെമാത്രം, ഒരു ഗ്രാമത്തെമാത്രം, ബാധിക്കുന്ന കാൎയ്യമായതുകൊണ്ടല്ലേ ? തിരുവിതാംകൂർ — കൊച്ചി സംസ്ഥാനത്തെ ആകമാനം ബാധിക്കുന്നൊരു കാൎയ്യമാണെങ്കിലോ ? നാളെ മുതൽ റേഷൻ സമ്പ്രദായം നിൎത്തൽ ചെയ്യണമെന്നൊരു പ്രമേയമാണെന്നു കരുതുക. എല്ലാവരും കൂടി ഒരു സ്ഥലത്തു സമ്മേളിച്ചു് ഇക്കാൎയ്യത്തിൽ ഒരു തീൎപ്പുണ്ടാക്കാൻ സാധിക്കുമോ ? — ഇല്ല. എന്തുകൊണ്ടു് ? ജനപ്പെരുപ്പവും, രാജ്യവിസ്തൃതിയും അത്തരം സമ്മേളനങ്ങൾക്കു പ്രതിബന്ധമായിത്തീൎന്നിരിക്കുന്നു.

ഇനി ഒരു ചെറുനാടിനെത്തന്നെ ബാധിക്കുന്ന കാൎയ്യമായിക്കൊള്ളട്ടെ; അവിടെ എല്ലാം പൌരന്മാൎക്കും ഒന്നിച്ചു സമ്മേ

ളിക്കാൻ സൌകര്യമുണ്ടെന്നും കരുതുക. എന്നാലും ഇന്നത്തെ ജീവിതരീതിയിൽ എല്ലാകാര്യങ്ങളിലും എല്ലാവരും നേരിട്ടു പങ്കെടുക്കണമെന്നു വിചാരിച്ചാൽ സാദ്ധ്യമല്ല ഞാൻ പുസ്തകമെഴുതുന്നു. നിങ്ങൾ അതു വായിക്കുന്നു. എനിക്കു ജീവിക്കാൻ വേണ്ട ഭക്ഷണം വേറൊരാൾ പാകംചെയ്യുന്നു. ഇങ്ങനെ, ജീവിതം ബഹുമുഖവും തൊഴിലുകൾ വിഭക്തവുമായിത്തീർന്നിട്ടുള്ള ഇക്കാലത്തു് നമ്മളെസ്സംബന്ധിക്കുന്ന പല കാര്യങ്ങളും നമ്മുടെ പ്രതിനിധികൾ മുഖേന നടത്താനേ സാധിക്കുള്ളു. അതുകൊണ്ടു് ജനസംഖ്യയുടെ പെരുപ്പവും തൊഴിലുകളുടെ വൈവിധ്യവുമാണു് പ്രാതിനിദ്ധ്യസമ്പ്രദായത്തിന്നു് ഇത്രയധികം പ്രാധാന്യമുണ്ടാക്കിട്ടുള്ളതു്. രാഷ്ട്രീയജീവിതത്തെ ബാധിക്കുന്ന ജനപ്രതിനിധിസഭകളാണു് നമുക്കിവിടെ ചിന്താവിഷയം.

പരിഷ്കൃതരാജ്യങ്ങളിലെല്ലാം ജനപ്രതിനിധിസഭകളാണല്ലോ ഇന്നു ഭരണംനടത്തുന്നതു്. ജനപ്രതിനിധികളെ എങ്ങനെ തിരഞ്ഞെടുക്കും? രാജ്യത്തെ പല ഖണ്ഡങ്ങളായി ഭാഗിക്കുന്നു. നിയോജകമണ്ഡലം എന്നത്രെ അത്തരം ഓരോ ഖണ്ഡത്തിന്നും പേർ പറയുക. ഇതു മിക്കവാറും ജനസംഖ്യയുടെ തോതു നോക്കിട്ടാണു് ഭാഗിക്കുക. പക്ഷെ, വിസ്തൃതി, അതിരുകളുടെ സൌകര്യം മുതലായവയെ അടിസ്ഥാനമാക്കി അല്ലറച്ചില്ലറ വ്യത്യാസങ്ങളൊക്കെ സംഭവിക്കുക പതിവാണു്.

ഓരോ നിയോജകമണ്ഡലത്തിലേയും സമ്മതിദായകന്മാരുടെ ഒരു പട്ടിക തയ്യാറാക്കുക പതിവാണു്. ആ പട്ടികയിൽ പേരുള്ളവക്കാണു് വോട്ടവകാശം. നിശ്ചിതദിവസം ഈ വോട്ടവകാശികൾ തങ്ങളുടെ സമ്മതിദാനം (vote) നിർവ്വഹിക്കുന്നു. ഭൂരിപക്ഷം സമ്മതിദായകന്മാരുടെ വോട്ടുനേടിയ സ്ഥാനാർത്ഥികൾ ജനപ്രതിനിധിസഭയിലേക്കു തിരഞ്ഞെടുക്കപ്പെടുന്നു. അവർ ഒത്തുചേരുമ്പോൾ ജനപ്രതിനിധിസഭയുമായി. ഇതൊക്കെ സുപരിചിതമായിത്തീർന്നിട്ടുണ്ടല്ലോ നിങ്ങൾക്കു്!

മുനിസിപ്പാലിററികളിലേക്കുള്ള തിരഞ്ഞെടുപ്പിന്റെയും ക്രമം ഇതുതന്നെയാണെങ്കിലും, നിയോജകമണ്ഡലങ്ങളുടെ

സ്ഥാനത്തു് ചെറിയ വാർഡുകളാണു് കാണുക. അനുഭവത്തിൽ രണ്ടിൻേറയും ലക്ഷ്യം ഒന്നുതന്നെ. പക്ഷെ, മുനിസിപ്പാൽ സഭ ഒരു പട്ടണത്തെമാത്രം ബാധിക്കുന്നതും നിയമസഭ ഒരു രാജ്യത്തെ മുഴവൻ ബാധിക്കുന്നതുമാണെന്ന വ്യത്യാസമുണ്ടു്.

മേല്പറഞ്ഞവിധം തിരഞ്ഞെടുക്കപ്പെട്ടവരാൽ നടത്തപ്പെടുന്ന ജനപ്രതിനിധിസഭകളുടെ ഭൂരിപക്ഷത്തിൻെറ തീർപ്പുകളനുസരിച്ചാണു് ജനാധിപത്യരാജ്യങ്ങളിൽ ഭരണം നടത്തുന്നതു്. ഇന്ത്യ, ഇംഗ്ലണ്ടു്, അമേരിക്ക തുടങ്ങിയ രാഷ്ട്രങ്ങളിലെല്ലാം ഇത്തരം ജനപ്രതിനിധിസഭകളുള്ളതു നിങ്ങറം കണ്ടതാണല്ലോ! ഭൂരിപക്ഷഭൂരിസുഖത്തെ ലക്ഷ്യമാക്കിക്കൊണ്ടു ഭരണം നടത്തുന്നൊരു രാജ്യത്തിൽ ഇതിലധികം എന്താണു് സാധിക്കുക?

പക്ഷെ, ഭൂരിപക്ഷത്തിൻെറ കാര്യംമാത്രം അന്വേഷിച്ചാൽ മതിയോ? ഭൂരിപക്ഷത്തിൻെറ പിൻബലമുണ്ടെന്നുകണ്ടു് ന്യൂനപക്ഷക്കാരെ മർദ്ദിക്കുന്നതു മനുഷ്യൻെറ മൌലികാവകാശങ്ങളെ നിഷേധിക്കുന്നതിന്നു സമമല്ലേ? ഒരു ജനാധിപത്യരാജ്യം ഒരിക്കലും അനുവദിക്കാൻ പാടില്ലാത്തതാണതു്. മതത്തിൻെറ പേരിലോ, ആദർശത്തിൻെറ പേരിലോ, സാമുദായികമായ ഉച്ചനീചത്വങ്ങളുടെപേരിലോ ഭൂരിപക്ഷത്തോടിണങ്ങാൻ സാധിക്കാത്തവരുടെ ജീവനും, സ്വത്തിന്നും രക്ഷയില്ലെന്നു വരുന്നതു പരിഷ്കൃതരാജ്യങ്ങറംക്കു യോജിച്ചതല്ല. അതാണു് ന്യൂനപക്ഷതാല്പര്യങ്ങറം പരിരക്ഷിക്കാൻ ഭരണഘടനയിൽ പ്രത്യേകം വ്യവസ്ഥകളുണ്ടാക്കുന്നതു്. ഇന്ത്യാറിപ്പബ്ളിക്കിൻെറ ഭരണഘടനയിൽ ഇത്തരം രക്ഷാവ്യവസ്ഥകളേപ്പെടുത്തിട്ടുണ്ടു്.

## വോട്ടവകാശയോഗ്യത

ജനാധിപത്യഭരണത്തിന്നു് അഭിജ്ഞന്മാൎക്കേ അർഹതയുള്ളുവെന്നായിരുന്നു വസ്സു്. അതു ഏതുദ്ദേശ്യത്തെ മുൻനിർത്തിയാണെന്നു് രാഷ്ട്രീയകക്ഷികളെപ്പററി പറഞ്ഞ സന്ദർഭത്തിൽ വ്യക്തമാക്കീട്ടുണ്ടു്. അറിവില്ലാത്തവൎക്കു വോട്ടവകാശം കൊടുത്താൽ അവർ കൊള്ളരുതാത്തവരുടെ കൈയ്യിലാണു് ഭരണ

ഭാരം സമർപ്പിക്കുക, അതു കൂടാതെ കഴിക്കാനായി ജനകീയ ഭരണസമ്പ്രദായം പരിചയപ്പെടുന്നതുവരെ അത്തരക്കാരെ അകററിനിർത്തണമെന്നു രാഷ്ട്രമീമാംസകന്മാർ അഭിപ്രായപ്പെടുന്നു. നമ്മുടെ നാട്ടിൽ നിയമസഭകൾ ഏർപ്പെടുത്തിയ കാലത്തു് സർവ്വകലാശാലാബിരുദധാരികൾക്കും പത്തുറുപ്പികയിൽ കവിഞ്ഞ നികുതി കൊടുക്കുന്നവർക്കും മാത്രമേ സമ്മതിദാനാവകാശം അനുവദിച്ചിരുന്നുള്ളൂ. രണ്ടാമതു പറഞ്ഞ കൂട്ടർക്കു പഠിപ്പില്ലെങ്കിലും വോട്ടു ചെയ്യാമെന്നുവെച്ചതു് അവർ രാജ്യത്തു മുതലെടുപ്പുണ്ടാക്കാൻ സഹായിക്കുന്നവരായതുകൊണ്ടു മാനിച്ചില്ലെന്നു വരുത്തുന്നതിലുള്ള സങ്കോചംകൊണ്ടായിരിക്കാം. അവർക്കു രാജ്യഭരണത്തിൽ പ്രത്യേകം താല്പര്യങ്ങളുണ്ടാകാനും കാരണമുണ്ടല്ലോ ! എന്നാൽ, സമ്മതിദാനാവകാശം ക്രമേണ വിപുലമാക്കി. കാലം പരിഷ്കരിക്കുന്തോറും അതിനു പുരോഗതിയാണുണ്ടായതു്. അങ്ങനെ, പ്രായപൂർത്തി വന്നവർക്കൊക്കെ വോട്ടുചെയ്യാമെന്നാണു് ഇന്നത്തെ വ്യവസ്ഥ. ഇരുപത്തൊന്നു വയസ്സുകഴിഞ്ഞവരൊക്കെ പ്രായപൂർത്തിവന്നവരായും പരിഗണിക്കപ്പെടുന്നു.

ഇങ്ങനെ പൌരാവകാശം പ്രായപൂർത്തിവന്നവർക്കൊക്കെ അനുവദിച്ചുകഴിഞ്ഞിരിക്കുന്നു ഇപ്പോൾ. പക്ഷെ, ചിലരെ സമ്മതിദാനാവകാശത്തിൽനിന്നു തിരിച്ചും നിർത്തീട്ടുണ്ടു്, അതാരെല്ലാമാണു്? ബുദ്ധിക്കു സ്ഥിരതയില്ലാത്തവർ. വിദേശികൾ, സാംക്രമികരോഗം ബാധിച്ചിട്ടുള്ളവർ, ക്രിമിനൽ പുള്ളികൾ എന്നിവർ. വിദേശീയനോ സ്വദേശീയനോ എന്നു നിർണ്ണയിക്കുവാൻ ചില പ്രത്യേകവ്യവസ്ഥകളൊക്കെയുണ്ടു്. ഏതാനും കൊല്ലം ഒരു രാജ്യത്തു സ്ഥിരമായി താമസിച്ചിട്ടുണ്ടെന്നു വന്നാൽ, അയാളെ ആ നാട്ടുകാരുടെ കൂട്ടത്തിൽ കണക്കാക്കി വോട്ടവകാശം നല്കാറുണ്ടു് ഓരോ രാജ്യത്തും ഓരോ തരത്തിലാണു് ഇത്തരം കാര്യങ്ങളിലംഗീകരിക്കുന്ന നയം.

## ദ്വിമണ്ഡലനിയമസഭകൾ

ഈ ജനപ്രതിനിധിസഭകളെപ്പററി അല്പംകൂടി പറഞ്ഞുകൊള്ളട്ടെ. നിങ്ങൾ പല രാജ്യത്തിന്റെയും ഭരണഘടന

കൾ പരിശോധിച്ചപ്പോൾ ദ്വിമണ്ഡലനിയമസഭകൾ കണ്ടുവല്ലോ! എന്തിനാണു് ഇങ്ങനെ രണ്ടു മണ്ഡലങ്ങൾ?—ഇംഗ്ലണ്ടിൽ കോമൺസ് സഭയും പ്രഭുസഭയും കണ്ടു. ഇന്ത്യയിൽ സ്റ്റേയ്റ്റ് കൌൺസിലും ജനകീയസഭയും കണ്ടു. അമേരിക്കയിലും ഇതുപോലെതന്നെ രണ്ടു മണ്ഡലങ്ങൾ കണ്ടു. ഏറെക്കുറെ എല്ലാ സ്ഥലത്തും ഇങ്ങനെ ദ്വിമണ്ഡലനിയമസഭകളാണു് കാണുന്നതു്. എന്താണിതിന്റെ ആവശ്യം?

പരിഷ്കാരങ്ങൾ കാലുറപ്പിക്കാതെ കുതിച്ചുചാടിത്തുടങ്ങിയാൽ രാജ്യഭരണം ശിഥിലമായിത്തീരാനെളുപ്പമുണ്ടു്. നിയമസഭകളിൽ പ്രായാധിക്യം വന്നവൎക്കും തഴക്കം സിദ്ധിച്ചവൎക്കും സ്ഥിരസാമാജികത്വം അനുവദിക്കുന്ന സമ്പ്രദായം ചിലെടങ്ങളിൽ സ്വീകരിച്ചിട്ടുള്ളതിന്റെ രഹസ്യം ഇതാണു്. പൊതുജനാഭിപ്രായത്തിന്റെ ഭൂരിപക്ഷത്തിന്നു വില കല്പിച്ചുകൊടുക്കേണ്ടതും രാജ്യഭരണത്തിൽ അതിന്നനുസരിച്ചുള്ള പരിഷ്കാരങ്ങൾ നടപ്പിൽ വരുത്തേണ്ടതും അത്യാവശ്യം തന്നെ. പക്ഷെ, പൊതുജനാഭിപ്രായം ഓളങ്ങൾപോലെ മറിയാൻ പ്രയാസമില്ലാത്തതാണു്. ഒരു സമൎത്ഥനായ നേതാവിന്റെ നാലു പ്രസംഗം മതി അതു മറിക്കാൻ. അതോടൊപ്പം രാജ്യഭരണവും കുതിക്കാൻ തുടങ്ങിയാൽ വലിയ നാശനഷ്ടങ്ങൾ സംഭവിക്കും. ഇന്നു പണിതുണ്ടാക്കിയതു നാളെ പൊളിച്ചു കളയേണ്ടിവരും. അത്തരം എടുത്തുചാട്ടത്തിന്നു് ഒരു ഊടു വെച്ചുകൊടുക്കാൻ ഇത്തരം ചില നിയന്ത്രണങ്ങൾ ആവശ്യമെന്നത്രെ അഭിജ്ഞന്മാരുടെ അഭിപ്രായം. പക്ഷെ, യാഥാസ്ഥിതികന്മാരുടെ പിടിയിൽപ്പെട്ടു് പുരോഗമനോന്മുഖമായ ഭൂരിപക്ഷാഭിപ്രായം തകൎന്നു പോകാതെ നോക്കേണ്ടതും ആവശ്യമാണു്. അതിന്നെന്താണു് മാൎഗ്ഗം? ഇത്തരം പരീക്ഷണഘട്ടങ്ങളിൽ അവധാനപൂൎവ്വം പര്യാലോചിക്കാൻ അവസരമുണ്ടാക്കുക. നിയമസഭകളിലെ ഉപരിമണ്ഡലങ്ങൾ ചെയ്യുന്നതു് ഇതാണു്. ഇംഗ്ലണ്ടിലെ പ്രഭുസഭയ്ക്കു് ഒരു ബില്ലും നിരാകരിക്കാൻ സാദ്ധ്യമല്ല താല്ക്കാലികമായി തടഞ്ഞു നിൎത്താൻ മാത്രമേ സാധിക്കൂ. പക്ഷെ, അങ്ങനെ തടഞ്ഞു നിൎത്തി അതിന്റെ അവതാരകന്മാരെക്കൊണ്ടു് അല്പംകൂടി ചിന്തിപ്പിക്കുവാൻ ഇതു മൂലം സാധിക്കുന്നു. ഇന്ത്യയിലെ സ്റ്റേയ്റ്റു കൌൺസിലിന്റെയും ഉദ്ദേശ്യം ഇതുതന്നെയാണു്.

## ഭരണസമിതിയും എതിർ കക്ഷിയും

നിയമസഭകൾ മേല്പറഞ്ഞവിധം സജ്ജമാക്കിക്കഴിഞ്ഞാൽ അതിൽ നിന്നു് കാൎയ്യനിൎവ്വഹണത്തിന്നുള്ള ആളുകളെ തിരഞ്ഞെടുക്കുന്നു. ഇതാണു് ഭരണസമിതി. ഈ തിരഞ്ഞെടുപ്പു് എല്ലാ സ്ഥലത്തും ഒരുപോലെയല്ലെന്നു് ഭരണഘടനകൾ പഠിച്ചപ്പോൾ നിങ്ങൾക്കു മനസ്സിലാക്കാൻ കഴിഞ്ഞിട്ടുണ്ടു്. ഇന്ത്യയിൽ പാർലിമെൻറിൻെറ ഭൂരിപക്ഷകക്ഷിയിലെ നേതാവിനെയാണു് ഭരണകൂടത്തിൻെറ തലവനാക്കുന്നതു്. ബ്രിട്ടനിലും ബ്രിട്ടീഷ് രാഷ്ട്രങ്ങളുടെ പൊതുകുടുംബത്തിൽപെട്ട മററു രാജ്യങ്ങളിലും ഈ സമ്പ്രദായം തന്നെയാണു് സ്വീകരിച്ചിട്ടുള്ളതു്. എന്നാൽ അമേരിക്കയിൽ നിങ്ങൾ എന്തു കണ്ടു.? അവിടെ നിയമസഭയുടെ നേതാവല്ലാ, ജനങ്ങളാൽ തിരഞ്ഞെടുക്കപ്പെടുന്ന പ്രസിഡണ്ടാണു് നേതാവു്. ഏതു വിധമായാലും ജനപ്രതിനിധിനേതാക്കന്മാരിൽത്തന്നെയാണതു സമൎപ്പിക്കപ്പെടുന്നതു്. ഒരിടത്തു പരോക്ഷമായും മറെറാരിടത്തു പ്രത്യക്ഷമായുമാണു് സമൎപ്പണം എന്നു മാത്രം വ്യത്യാസം പറയാം.

ഭരണയന്ത്രം നടത്തുന്നതു മേല്പറഞ്ഞവിധം, ജനപ്രതിനിധി നേതാക്കന്മാരാണെങ്കിലും അവർ വഴിപിഴച്ചുപോകാതിരിക്കണമെങ്കിൽ നിശിതമായ നിരൂപണത്തിന്നു് ആളുണ്ടായിരിക്കണം. നിയമസഭകളിലെ പ്രതിപക്ഷത്തിൻെറ കൎത്തവ്യം ഇതാണു്. പ്രതിപക്ഷനേതാവു് ഈ നിലയ്ക്കനുഷ്ഠിക്കുന്ന സേവനം രാജ്യത്തിന്നു ശ്രേയസ്സാണുണ്ടാക്കുക. പക്ഷെ, നാം പലപ്പോഴും കാണാറുള്ളതുപോലെ മന്ത്രിപദം ലഭിക്കാത്തതിൻെറ പകപോക്കാനും മററുമായി സംഹാരപരമായ പ്രതിപക്ഷനയം സ്വീകരിക്കുന്നതു രാജ്യത്തിനു നന്മയല്ല. ഇംഗ്ലണ്ടിൽ—ജനാധിപത്യഭരണത്തിൻെറ നല്ലൊരു പാരമ്പൎയ്യം സൃഷ്ടിച്ചിട്ടുള്ള രാജ്യമാണതു്—പ്രതിപക്ഷനേതാവിനു് കൊല്ലത്താൽ 2000 പവൻ ശമ്പളംതന്നെ നല്കുന്നുണ്ടു്. 1937 മുതല്ക്കാണു് ഈ പതിവു നടപ്പായതു്. എന്തിന്നാണതു്? രാജ്യഭരണത്തിൻെറ കടിഞ്ഞാൺ പിടിക്കുന്ന ജോലിയാണു് അയാൾ ചെയ്യുന്നതു്.

എന്തൊക്കെയാണ് ഈ പ്രതിപക്ഷത്തിന്നു ചെയ്യാൻസാധിക്കുന്ന നന്മകൾ? ഒരു ന്യൂനപക്ഷത്തിന്റെ നേതൃത്വമാണല്ലോ എപ്പോഴും എതിർപക്ഷത്തിന്നുണ്ടായിരിക്കുക. അപ്പോൾ, ന്യൂനപക്ഷതാല്പൎയ്യങ്ങൾ പരിരക്ഷിക്കാൻ സാധിക്കും. കൃത്യബാഹുല്യത്തിന്നിടയിൽ വന്നുകൂടുന്ന തെററുകളെ തക്ക സന്ദൎഭങ്ങളിൽ ചൂണ്ടിക്കാണിക്കുകയും യുക്തിയുക്തം വിമൎശിക്കുകയും ചെയ്യുന്നു. ജനാധിപത്യം ഏകാധിപത്യമായി ദുഷിച്ചുപോകാതിരിക്കാൻ വേണ്ട രക്ഷാനടപടികളാണ്, ചുരുക്കത്തിൽ, പ്രതിപക്ഷംകൊണ്ടു സാധിക്കുന്നത്.

---

# ആറാം അദ്ധ്യായം

## മന്ത്രിസഭ—അഥവാ, ക്യാബിനററ്

---

ജനാധിപത്യരാജ്യങ്ങളിൽ ഭരണം നിൎവ്വഹിക്കുന്ന സമിതി ക്യാബിനററ് മാതൃക, പ്രസിഡൻഷ്യൽ മാതൃക എന്നിങ്ങനെ രണ്ടുതരമുണ്ടെന്നു് ഇതിനുമുമ്പു പറഞ്ഞുവല്ലോ! ഇതിൽ ക്യാബിനററ് സമ്പ്രദായത്തെക്കുറിച്ചു വിസ്തരിക്കാം ഈ അദ്ധ്യായത്തിൽ. ഇംഗ്ലണ്ടിലെ സമ്പ്രദായത്തെ അനുകരിക്കുന്നതാണ് ക്യാബിനററ് ഭരണം.

എന്താണ് ക്യാബിനററ് ഭരണത്തിന്റെ പ്രത്യേകത? ഭരണനിൎവ്വഹണത്തിന്റെയും നിയമനിൎമ്മാണത്തിന്റെയും നേതൃത്വമുണ്ടു് ക്യാബിനററിന്നു്. അതായതു് നിയമനിൎമ്മാണവും ഭരണാധികാരവും തമ്മിൽ വേൎതിരിക്കപ്പെട്ടിട്ടില്ല. അമേരിക്കയിൽ നടപ്പുള്ള പ്രസിഡൻഷ്യൽ സമ്പ്രദായത്തിലാകട്ടെ, ഇവ വേൎതിരിക്കപ്പെട്ടിരിക്കുന്നു. അവിടത്തെ സംയുക്തനിയമസഭയ്ക്കു ഭരണനിൎവ്വഹണ നേതാവായ പ്രസിഡണ്ടിനേയോ അദ്ദേഹത്തിന്റെ സഹപ്രവൎത്തകന്മാരേയോ നിയ

ന്ത്രിക്കാൻ അവിശ്വാസപ്രമേയമാകുന്ന ചാട്ടവാറില്ലെങ്കിലും നിയമങ്ങൾവാർത്തുണ്ടാക്കി നീതിന്യായക്കോടതി മുഖേന നട പടി നടത്താം. ഇതാണ് വ്യത്യാസം.

എന്തുകൊണ്ടാണ് മന്ത്രിസഭയ്ക്കു നിയമനിർമ്മാണത്തി ന്റെ നേതൃത്വമുണ്ടെന്നു പറയുന്നത്? നിയമസഭയിലെ ഭൂരി പക്ഷകക്ഷിയുടെ നേതാവാണ് പ്രധാനമന്ത്രിയായി നിയമി ക്കപ്പെടുന്നതു്. ഈ പ്രധാനമന്ത്രി തന്റെ സഹപ്രവർത്തക ന്മാരേയും തിരഞ്ഞെടുക്കുന്നു. അതുകൊണ്ടെന്തു സംഭവിക്കു ന്നു. ഭരണാധികാരത്തലവനായ പ്രധാനമന്ത്രി ധരിമ്മിക്കുന്ന നിയമങ്ങൾ നിയമസഭയിലെ ഭൂരിപക്ഷത്തിന്നു സമ്മതമായി ക്കൊള്ളും. സമ്മതമല്ലെന്നു വന്നാലോ? നിയമസഭയ്ക്കു പ്രധാനമന്ത്രിയിൽ വിശ്വാസമില്ലെന്നർത്ഥം. അങ്ങനെ വരു മ്പോൾ മന്ത്രിസഭ രാജിവെക്കുമല്ലോ! ഇങ്ങനെ, നിയമനി ർമ്മാണവും ഭരണനിർവ്വഹണവും ഒരേ കൈകൊണ്ടുതന്നെ നട ത്തുന്നു മന്ത്രിസഭാമാതൃകയിലുള്ള ഭരണം നടക്കുന്ന രാജ്യങ്ങ ളിൽ.

ഇംഗ്ലണ്ടിലെ സമ്പ്രദായം വിസ്തരിച്ച് ഇതു വിശദമാ ക്കാം. മിക്കവാറും മന്ത്രിസഭാംഗങ്ങളാണ് അവിടെ ബില്ലു കൾ അവതരിപ്പിക്കുക. അതാതു വകുപ്പിനെ ബാധിക്കുന്ന ബില്ലുകൾ അതാതു മന്ത്രിമാർ അവതരിപ്പിക്കുന്നു. അതു നി യമമാക്കാനുള്ള താല്പര്യം എല്ലാവക്കും ഒരുപോലെയാണ്. സാധാരണസന്ദർഭങ്ങളിൽ ബില്ലുകളൊക്കെ പാർലിമെന്റ് അംഗീകരിക്കുകയും ചെയ്യും. ഏതെങ്കിലുമൊന്നു് അംഗീക രിച്ചില്ലെന്നുവന്നാൽ ഉടനെ പാർലിമെന്റ് പിരിച്ചുവിട്ടു തി രഞ്ഞെടുപ്പു നടത്തും. അതിൽ ഭൂരിപക്ഷം ലഭിക്കുന്ന കക്ഷി യാണ് പിന്നെ മന്ത്രിസഭ രൂപീകരിക്കുക.

എന്താണ് ഈ മന്ത്രിസഭാസമ്പ്രദായത്തിന്നു മെച്ചങ്ങൾ പറയാനുള്ളതു്? (i) നിയമസഭയും മന്ത്രിമാരും എല്ലായ്പോഴും യോജിച്ചുപോകുന്നതുകൊണ്ടു് ഭരണനിർവ്വഹണത്തിന്നു പ്രയാ സമില്ല. ഭരണസൌകര്യത്തിന്നു യോജിച്ച നിയമങ്ങൾ എപ്പോ ഴും നിർമ്മിക്കാൻ സാധിക്കുന്നു. (ii) മന്ത്രിമാർ ഒരേ കക്ഷിയിൽ പെട്ടവരായതുകൊണ്ടു് ഭരണനിർവ്വഹണത്തിലും അഭിപ്രായ

വ്യത്യാസങ്ങളുണ്ടാകുക ചുരുക്കമാണ്. (iii) പ്രധാനമന്ത്രിക്കു സഹമന്ത്രിമാരെ നിയന്ത്രിക്കാനധികാരമുള്ളതുകൊണ്ട് ഭരണം തകൎന്നുപോകാതെ നോക്കാൻ എളുപ്പമുണ്ട്. (iv) ഏതെങ്കിലും ഒരു മന്ത്രിയുടെ പേരിൽ പാർലിമെന്റ് അവിശ്വാസം സ്ഥാപിച്ചാൽ അതു മന്ത്രിസഭയ്ക്കു പൊതുവെ ബാധകമായിക്കൊള്ളുകയും അവർ കൂട്ടത്തോടെ രാജിവെക്കുകയും ചെയ്യും.

ബ്രിട്ടനിലെ ക്യാബിനററ് സമ്പ്രദായത്തിന്നുള്ള മെച്ചങ്ങൾ മേല്പറഞ്ഞവയാണ്. ഈ വഴക്കങ്ങളെല്ലാം അവിടെ വളരെക്കാലമായി നടന്നുവരുന്നതാണ്. നാമമാത്രമായ പരമാധികാരം രാജാവിന്നുണ്ടെന്നാണ് വയ്പ്. പക്ഷെ, അതു പ്രയോഗിക്കുക പതിവില്ല. വാസ്തവത്തിൽ ഇതൊന്നും ബ്രിട്ടനിൽ എഴുതിവെച്ചിട്ടുള്ള നിയമങ്ങളല്ല. ഒന്നാം ലോകമഹായുദ്ധത്തിന്നുമുമ്പുവരെ മന്ത്രിസഭായോഗങ്ങളുടെ നടപടികൾ കുറിച്ചുവയ്ക്കുകതന്നെ പതിവില്ല. അവർ രഹസ്യമായി യോഗം കൂടും; തീരുമാനങ്ങളെടുക്കും; അതനുസരിച്ചു നടപടികളും നടത്തും. ഇതായിരുന്നു പതിവ്. 1917-ലാണ് ആദ്യമായി ക്യാബിനററ് സെക്രട്ടേറിയററ് എന്നൊന്നു സ്ഥാപിച്ചതു്. അന്നുമുതല്ക്ക് ഈ രഹസ്യനടപടികളൊക്കെ കുറിച്ചുവെക്കാൻ തുടങ്ങി.

## ബ്രിട്ടീഷ് ക്യാബിനററിന്റെ ഘടന

പ്രധാനമന്ത്രിയാണ് ബ്രിട്ടീഷ് ക്യാബിനററിന്റെ നേതാവ്. 'ക്യാബിനെററാകുന്ന കമാനിന്റെ ആണിക്കല്ലാണ് പ്രധാനമന്ത്രി' എന്നു മോർലിപ്രഭു അഭിപ്രായപ്പെടുന്നു. പ്രധാനമന്ത്രിയുടെ ശമ്പളം 10000 പവനാണ്. ജോലിയിൽനിന്നു പിരിഞ്ഞാൽ 2000 പവൻ പെൻഷനും അനുവദിക്കുന്നു. അതിവിശാലമായ അധികാരമാണ് പ്രധാനമന്ത്രിക്കുള്ളതു്.

പ്രധാനമന്ത്രിയെക്കൂടാതെ 16 സഹമന്ത്രിമാരും ഒരു പ്രതിപക്ഷനേതാവുമാണ് ബ്രിട്ടനിലുള്ളതു്. വിദേശകാര്യം, ധനകാര്യം, നിയമം, രാജ്യരക്ഷ, തൊഴിൽക്കാര്യം, വ്യാപാരം, കോളനിക്കാര്യങ്ങൾ, പട്ടണപരിഷ്കരണം, സ്കോട്ട്ലൻറ്

കാര്യങ്ങളും, വിദ്യാഭ്യാസം, പൊതുജനാരോഗ്യം തുടങ്ങിയ വകുപ്പുകളാണ് അവിടെ തിരിച്ചുവെച്ചിരിക്കുന്നത്.

ഇനി ഇവയോരോന്നിന്റെയും പരിധിയിൽപ്പെട്ട അധികാരങ്ങളെക്കുറിച്ച് ഒരു വിഹഗവീക്ഷണം നടത്താം.

## പ്രധാനമന്ത്രി

മററു മന്ത്രിമാരെ നിയന്ത്രിക്കുക, മന്ത്രിസഭായോഗങ്ങളിൽ ആദ്ധ്യക്ഷ്യം വഹിക്കുക എന്നിവയ്ക്കു പുറമെ ഏതെങ്കിലും ഒരു വകുപ്പിന്റെ ഭരണവുംകൂടി അദ്ദേഹം നിർവ്വഹിക്കുന്നു. നിയമങ്ങൾ നിർമ്മിക്കുക, ആംഗ്ലിക്കൻ സഭയിലെ ആർച്ച് ബിഷപ്പുമാർ, ബിഷപ്പുമാർ, ഓക്സ്ഫോർഡ്, കേംബ്രിഡ്ജ് തുടങ്ങിയ സർവ്വകലാശാലകളിലെ ഡീൻമാർ തുടങ്ങിയ ഉയർന്ന ഉദ്യോഗങ്ങളിലേക്കുള്ള നിയമനങ്ങൾ പ്രധാനമന്ത്രിയാണ് നടത്തുന്നത്. വിദേശങ്ങളിലേക്കുള്ള നയതന്ത്രപ്രതിനിധികളേയും അദ്ദേഹംതന്നെ നിയമിക്കുന്നു. ചുരുക്കത്തിൽ, പാർലിമെൻറിലെ പിന്തുണയുള്ളേടത്തോളംകാലം ബ്രിട്ടനിലേയും ബ്രിട്ടന്റെ അധീനത്തിലുള്ള കോളനികളിലേയും പരമാധികാരം പ്രധാനമന്ത്രിയിലാണ് നിക്ഷിപ്തമായിരിക്കുക. ബ്രിട്ടീഷ് രാജാവ് കേവലം ഔപചാരികമായ പരമാധികാരം മാത്രമേ വഹിക്കുന്നുള്ളൂ.

പ്രധാനമന്ത്രി കഴിഞ്ഞാൽ 'ചാൻസലർ ഓഫ് ദി എക്സ്ചെക്കർ' എന്ന മന്ത്രിയാണ് നമ്മുടെ ശ്രദ്ധയെ അർഹിക്കുന്നത്. രാജ്യത്തിലെ വരവുചിലവുകളുടെ കണക്കെല്ലാം നിയന്ത്രിക്കുന്നത് ഈ മന്ത്രിയാണ്.

അടുത്തത് വിദേശകാര്യസെക്രട്ടറി. ബ്രിട്ടന്റെ വിദേശനയത്തെ ബാധിക്കുന്ന കാര്യങ്ങളാണ് ഈ മന്ത്രി അന്വേഷിക്കുന്നത്. ആഭ്യന്തരകാര്യമന്ത്രിയുടെ അധികാരപരിധിയിൽപ്പെട്ട കാര്യങ്ങളാണ് പോലീസ്, ജയിൽ, മുതലായവ. രാജ്യത്തിനകത്തുള്ള സമാധാനപരിപാലനത്തിന്റെ നേതൃത്വമത്രേ ഇദ്ദേഹത്തിൽ നിക്ഷിപ്തമായിട്ടുള്ളത്.

രാജ്യരക്ഷാമന്ത്രി (Minister for Defence)യും ചുമതലയേറിയ സ്ഥാനമാണ് വഹിക്കുന്നതു്.

ലോഡ് ചാൻസലർ, ലോർഡ് പ്രിവിസീൽ, തൊഴിൽമന്ത്രി, കോളോണിയൽ സെക്രട്ടറി തുടങ്ങി ഇനിയും ക്യാബിനററിൽ പല മന്ത്രിമാരുമുണ്ടു്. അവരെല്ലാം ചുമതലയേറിയ സ്ഥാനങ്ങൾ തന്നെയാണ് വഹിക്കുന്നതു്. വിസ്തരഭയത്താൽ അവരുടെ ഓരോരുത്തരുടേയും വകുപ്പുകൾ വിവരിക്കുന്നില്ലെന്നേയുള്ളൂ.

ബ്രിട്ടീഷ് മന്ത്രിസഭയിൽ ഇപ്പോൾ നിലവിലുള്ള സമ്പ്രദായങ്ങളാണ് മുകളിൽ വിവരിച്ചതു്. അടിയന്തര ഘട്ടങ്ങളിൽ അതിന്റെ ഘടനയ്ക്കും വകുപ്പുവിഭജനത്തിനുമൊക്കെ മാററം സംഭവിക്കാവുന്നതാണ്. രണ്ടാം ലോകമഹായുദ്ധകാലത്തു് ബ്രിട്ടനിൽ 'യുദ്ധമന്ത്രിസഭ' എന്ന പേരിൽ ഒരു പഞ്ചാംഗ സമിതിയാണുണ്ടാക്കിയതു്. അതിവിശാലമായ അധികാരത്തോടുകൂടി വിൻസ്റ്റൺ ചർച്ചിലിന്റെ നേതൃത്വത്തിൽ ആ സന്നിഗ്ദ്ധഘട്ടത്തെ തരണം ചെയ്യാൻ രൂപീകരിച്ചതാണ് ഈ പഞ്ചാംഗമന്ത്രിസഭ. അതു് പല കക്ഷികളിലേയും നേതാക്കന്മാരെ കൂട്ടിച്ചേർത്തു് രാജ്യരക്ഷയുടെ പേരിൽ ബ്രിട്ടനിലെ ജനതയെ മുഴുവൻ സംഘടിപ്പിക്കാൻ വേണ്ടി രൂപീകരിച്ചതാണ്. യാഥാസ്ഥിതിക കക്ഷിയും, പ്രഭു സഭാംഗവും, തൊഴിലാളി കക്ഷിയും തോളോടുതോളുരുമ്മി യുദ്ധം കഴിയുന്നതുവരെ ഭരണം നടത്തി. രാജ്യരക്ഷയുടെ കാര്യം വരുമ്പോൾ ബ്രിട്ടനിലെ കക്ഷിമത്സരങ്ങൾ മങ്ങിപ്പോകുന്നതു കണ്ടു് പഠിക്കുക.

# ഏഴാം അദ്ധ്യായം

## ജനാധിപത്യവും പത്രപ്രവൎത്തനവും

ജനകീയ ഭരണവും പത്രപ്രവൎത്തനവും തമ്മിൽ അഭേദ്യമായൊരു ബന്ധമുണ്ടു്. എന്താണതിന്നു കാരണം? പൊതുജനാഭിപ്രായമനുസരിച്ചുള്ളതാണല്ലോ ജനാധിപത്യഭരണം! പത്രങ്ങളോ? അവ പൊതുജനജിഹ്വകളല്ലേ.?

പത്രത്തിൽ കാണുന്നതെല്ലാം പൊതുജനാഭിപ്രായമാണോ എന്നൊരു ചോദ്യം അതാ ആരോ ചോദിക്കാൻ ഭാവിക്കുന്നു. നല്ല പത്രങ്ങൾ നിശ്ചയമായും പൊതുജനാഭിപ്രായമാണു് പ്രകാശിപ്പിക്കുക. അപ്പോൾ, ഓരോ കക്ഷിക്കും പ്രത്യേകമായുള്ള പത്രങ്ങളുണ്ടല്ലോ എന്നായിരിക്കും എതിർവാദം. അതു ശരിയാണു്. പക്ഷെ, പൊതുജനാഭിപ്രായത്തെ വാൎത്തുണ്ടാക്കാൻ സഹായിക്കുകയാണു് ഇവയൊക്കെ ചെയ്യുന്നതു്. ഏതെങ്കിലും ഒരു പത്രം നോക്കീട്ടല്ലാ, പല പത്രങ്ങളും കൂടി ഒത്തുവെച്ചു നോക്കീട്ടാണു് പൊതുജനാഭിപ്രായം നിൎണ്ണയിക്കുക. ഇങ്ങനെ, പത്രങ്ങൾ മുഖേന പൊതുജനാഭിപ്രായം മനസ്സിലാക്കി ഭരണാധികാരികൾക്കു് ജനാഭിലാഷമനുസരിച്ചു ഭരിക്കാൻ സൌകൎയ്യമുണ്ടെന്നു സിദ്ധിച്ചു.

എന്നാൽ, പത്രങ്ങൾക്കു അഭിപ്രായം പറയാൻ സ്വാതന്ത്ര്യമില്ലെങ്കിലോ? അങ്ങനെ വരുമ്പോൾ യഥാൎത്ഥമായ പൊതുജനാഭിപ്രായമല്ലാ പത്രങ്ങളിൽ നിന്നു ലഭിക്കുക. പത്രങ്ങളുടെ അഭിപ്രായസ്വാതന്ത്ര്യത്തെ പല വിധത്തിലും ഗവൎമ്മെണ്ടു തടയാറുണ്ടു്. അതു് എങ്ങനെയെല്ലാമാണെന്നു നോക്കാം. (i) പത്രപ്രവൎത്തനത്തിന്നു വലിയൊരു സംഖ്യ ലൈസൻസായി ചുമത്തുക — പലൎക്കും പത്രം നടത്താനുള്ള സാദ്ധ്യതകളെ ഇല്ലായ്മ ചെയ്യാനുള്ള തന്ത്രമാണിതു്. അതായതു പണക്കാരല്ലാത്തവരുടെ അഭിപ്രായത്തിന്നു തല പൊക്കാൻ കഴിയാതാകുന്നുവെന്നൎത്ഥം. ii) പത്രങ്ങളുടെമേൽ ഭീമമായ ജാമ്യസ്സംഖ്യ ചുമത്തി ഗവൎമ്മെണ്ടുനയത്തിന്നെതിരായിട്ടെന്തെങ്കിലുമെഴുതുമ്പോൾ ആ

സംഖ്യ സർക്കാരിലേക്ക് ഈടാക്കുക — ഇതും അഭിപ്രായ സ്വാതന്ത്ര്യത്തെ നിഹനിക്കാനുള്ളൊരുപായമാണ്. iii) ലേഖനങ്ങളും മുഖപ്രസംഗങ്ങളും മററും സർക്കാരിൻെറ പ്രസിദ്ധീകരണവകുപ്പിലെ ഉദ്യോഗസ്ഥന്മാരെ കാണിച്ചു ബോദ്ധ്യപ്പെടുത്തിട്ടേ പ്രസിദ്ധം ചെയ്യാവൂ എന്നു നിയമം മൂലം വ്യവസ്ഥചെയ്യുക — പേനയെടുക്കുന്നവരുടെ കൈ തളൎന്നു പോകാൻ ഇതിലധികമൊന്നും ആവശ്യമില്ല. iv) ഗവമ്മേണ്ട് സ്വീകരിച്ചിട്ടുള്ള നയങ്ങളെ വാഴ്ത്തണമെന്നു പത്രങ്ങളെ ഭീഷണിപ്പെടുത്തുക. v) സർക്കാരിന്നനുകൂലമായിട്ടെഴുതാത്ത പത്രങ്ങൾക്കു കടലാസ്സു കിട്ടാനുള്ള മാൎഗ്ഗങ്ങൾ നിരോധിക്കുക. vi) സർക്കാരിനെ എതിൎക്കുമെന്നു സംശയിക്കപ്പെടുന്നവൎക്കു പത്രം തുടങ്ങാൻ അനുമതി നല്കാതിരിക്കുക. ഗവമ്മേണ്ടിൽ നിന്നും പ്രസിദ്ധപ്പെടുത്താനുള്ള വാൎത്തകൾ പ്രതിപക്ഷ പത്രങ്ങൾക്കു നല്കാതിരിക്കുന്നതും ഒരു തരം പത്രസ്വാതന്ത്ര്യ നിരോധനത്തിൽത്തന്നെയാണവസാനിക്കുന്നതു്.

ഇത്രയും പറഞ്ഞതിൽ നിന്ന് പത്രസ്വാതന്ത്ര്യം എന്നതിൻെറ നിൎവ്വചനം എന്താണെന്നു നിങ്ങൾക്കു നിൎണ്ണയിക്കാൻ സാധിക്കും. ഗവമ്മേണ്ടിൽ നിന്നും മുൻകൂട്ടി അനുവാദം വാങ്ങാതെതന്നെ എന്തും അച്ചടിച്ചു പ്രസിദ്ധപ്പെടുത്താനുള്ള അധികാരമാണ് യഥാൎത്ഥമായ പത്ര സ്വാതന്ത്ര്യം. ഭരണാധികാരികളുടെ നിയന്ത്രണത്തിന്നു വിധേയമല്ലാത്ത നീതിന്യായക്കോടതികൾക്കായിരിക്കണം പത്രങ്ങൾ നിയമം ലംഘിച്ചിട്ടുണ്ടോ എന്നു വിചാരണ നടത്താനുള്ള അധികാരം. ഇതാണ് യഥാൎത്ഥമായ പത്ര സ്വാതന്ത്ര്യം. എന്നാൽ, ഇത്തരം പത്രസ്വാതന്ത്ര്യം പല സ്ഥലത്തും നിഷേധിക്കാറുണ്ട്. പരിഷ്കൃത രാജ്യങ്ങളിൽപോലും നിയന്ത്രിക്കേണ്ടിവരാറുണ്ട്.

എന്തിനാണ് പരിഷ്കൃത രാജ്യങ്ങൾ പത്രസ്വാതന്ത്ര്യത്തെ നിയന്ത്രിക്കുന്നതെന്നൊരു ചോദ്യം നിങ്ങൾ ഉന്നയിച്ചേക്കാം. അതിനു സമാധാനം പറയാം. സ്വാതന്ത്ര്യത്തിൻെറ പേരിൽ ദുസ്വാതന്ത്ര്യത്തിന്നു മുതിരാറുണ്ട് ചില പത്രങ്ങൾ. ഹൃദയശുദ്ധിയും മതിയായ സംസ്കാരവുമില്ലാത്ത പത്രാധിപന്മാർ വ്യക്തിവിദ്വേഷം വെച്ചുകൊണ്ട് വായിൽത്തോന്നിയതെല്ലാം പറ

യമൻ തുടങ്ങുമ്പോൾ മനുഷ്യ സംസ്കാരത്തിൻെറ പേരിൽ നിയന്ത്രണ നടപടികൾ സ്വീകരിക്കേണ്ടിവരും. സമുദായങ്ങളെ അനാവശ്യമായി സംഘട്ടനത്തിന്നു പ്രേരിപ്പിക്കത്തക്കവിധം കള്ളവാർത്തകളെഴുതി വിദ്വേഷം വളർത്തുന്ന പത്രങ്ങളുണ്ടെങ്കിൽ പൊതുസമാധാനത്തിൻെറ പേരിൽ നിയന്ത്രണ മാർഗ്ഗങ്ങൾ തേടേണ്ടിവരും. വ്യക്തികളുടെ രഹസ്യ ജീവിതത്തെ ബാധിക്കുന്ന കാർയ്യങ്ങൾ വൃത്തികെട്ട ഭാഷയിലെഴുതി മുതലെടുക്കാൻ ശ്രമിക്കുന്ന പത്രങ്ങളെ സദാചാരത്തിൻെറ പേരിൽ നിരോധിക്കേണ്ടിവരും. സ്വാതന്ത്ര്യം ദുസ്വാതന്ത്ര്യമാകാതിരിക്കാനുള്ള രക്ഷാമാർഗ്ഗങ്ങളാണു് ഇതിലൊക്കെ അംഗീകരിക്കുന്നതു്.

ഇത്രയുംപറഞ്ഞതിൽനിന്നു് പത്രങ്ങളുടെ കടമയെന്താണെന്നു് നിങ്ങൾക്കു ബോദ്ധ്യപ്പെട്ടിരിക്കണം. കള്ളവാർത്തകളെഴുതി മനുഷ്യനെ തെററിദ്ധരിപ്പിക്കാതിരിക്കണം. പൊതുക്കാര്യങ്ങളെക്കുറിച്ചല്ലാതെ മനുഷ്യൻെറ വ്യക്തിപരമായ രഹസ്യജീവിതത്തെ തോണ്ടിത്തുളച്ചു് സദാചാരത്തെ കളങ്കപ്പെടുത്തരുതു്. ജനങ്ങളെ സംഘടിപ്പിക്കാനല്ലാതെ സംഘട്ടനം ചെയ്യിക്കാൻ ശ്രമിക്കരുതു്.

എന്നാൽ, ഇത്രകൊണ്ടും പത്രങ്ങളുടെ കടമയവസാനിക്കുന്നില്ല. യഥാർത്ഥപത്രങ്ങൾ നമ്മുടെ ഉററബന്ധുക്കളാണു് നമ്മുടെ ഏററവും വിലപിടിച്ച വിജ്ഞാനസമ്പാദനോപകരണമാണു് പത്രം. അതുകൊണ്ടു് വാർത്ത ശരിയായി ഗ്രഹിക്കുക, അവ ശ്രദ്ധാപൂർവ്വം പഠിക്കുക, നിഷ്പക്ഷമായി വിമർശിക്കുക, അഭികാമ്യങ്ങളായ ആദർശങ്ങൾക്കു് അനുകൂലമായ പൊതുജനാഭിപ്രായം സ്വരൂപിക്കുക, നല്ലകാര്യങ്ങൾ നടത്താൻ ഗവർമ്മേണ്ടിന്നു പിന്തുണ നല്കുക, പൊതുജനക്ഷേമത്തിന്നു പര്യാപ്തങ്ങളായ നടപടികൾ ഗവർമ്മേണ്ടിനെക്കൊണ്ടു നടത്തിക്കുക, അതിന്നു ജനങ്ങളുടെ സഹകരണം സമ്പാദിച്ചുകൊടുക്കുക—ഇങ്ങനെ പലതും പത്രങ്ങൾക്കു ചെയ്യാൻ സാധിക്കുന്നതും ചെയ്യേണ്ടതുമാകുന്നു.

മേല്പറഞ്ഞവിധം പത്രപ്രവർത്തനം അഭിവൃദ്ധിപ്രാപിക്കാൻ പല സാഹചര്യങ്ങളും ആവശ്യമാണു്. എന്തെല്ലാമാണവ?

(i) വാൎത്താവിതരണത്തിന്നുള്ള ഏജൻസികൾ ലോകത്തിൻെറ നാനാഭാഗത്തും ഉണ്ടായിരിക്കണം. ഇന്ത്യയിൽ പ്രസിദ്ധങ്ങളായ വാൎത്താവിതരണകേന്ദ്രങ്ങൾ പി. ററി. ഐ (Press Trust of India) യു. പി. ഐ (United Press of India) മുതലായവയാണ്. റോയിട്ടർ (റൂട്ടർ എന്നും പറയും,) ആണ് ലോകവ്യാപകമായ വാൎത്താവിനിമയസ്ഥാപനം. – ഗ്ലോബ് വാൎത്തകേന്ദ്രം, ഓറിയൻറ് പ്രസ്സ് ഇടങ്ങിയവയും വാൎത്താവിതരണ സ്ഥാപനങ്ങളാണ് ഇവരുടെ ശാഖകൾ പ്രധാനപ്പെട്ട കേന്ദ്രങ്ങളിലെല്ലാം സ്ഥാപിച്ചിട്ടുണ്ടായിരിക്കും. ലോകവാൎത്തകൾ കമ്പി ടെലിഫോൺ മുതലായവ വഴിയായി അപ്പപ്പോൾ പത്രങ്ങളെ അറിയിക്കുകയാണ് ഇത്തരം സ്ഥാപനങ്ങൾ ചെയ്യുന്നതു്. ഇതിനുംപുറമെ, റേഡിയോവഴിയായും ലോകവാൎത്തകൾ ഗ്രഹിക്കാൻ സാധിക്കുന്നുണ്ടു്.

പരിഷ്കൃതഗവൎമ്മെണ്ടുകൾ വാൎത്താപ്രസിദ്ധീകരണത്തിന്നായി പ്രത്യേകം വകുപ്പുകൾ തന്നെ ഉണ്ടാക്കുന്നുണ്ടു്. ഇന്ത്യയിലുള്ള പ്രസിദ്ധീകരണവകുപ്പിൽനിന്നും ഇന്ത്യൻകാൎയ്യങ്ങളെസ്സംബന്ധിക്കുന്ന പല ലേഖനങ്ങളും അപ്പഃപ്പോൾ പ്രസിദ്ധപ്പെടുത്തുന്നതു പത്രങ്ങൾക്കും, പൊതുജനങ്ങൾക്കും ഒരുപോലെ ഉപകാരപ്രദമാണ്. അഖിലേന്ത്യാറേഡിയോസൎവ്വീസ്സും ഈ വകുപ്പിൻെറ ശാഖയായിട്ടാണ് നടത്തപ്പെടുന്നതു്. ഇന്ത്യയിലെ പ്രധാനപ്പെട്ട നഗരങ്ങളിലെല്ലാം ഇതിൻെറ അഭിമുഖ്യത്തിൽ പ്രക്ഷേപണകേന്ദ്രങ്ങൾ സ്ഥാപിച്ചിരിക്കുന്നു.

ഗതാഗതമാൎഗ്ഗങ്ങളും ടെലഫോൺ, കമ്പി, തപാൽ മുതലായവയും കാൎയ്യക്ഷമമായി പ്രവൎത്തിക്കേണ്ടതു പത്രപ്രവൎത്തനത്തിൻെറ പുരോഗതിക്കത്യാവശ്യമാണ്. സൎക്കാരിൽനിന്നു ചെയ്തുകൊടുക്കേണ്ട സഹായമാണിതു്.

# അനുബന്ധം

കുറിപ്പുകൾ:

i) ചെങ്കുരിശു സംഘം [Red Cross Society]

1870_ൽ ഇംഗ്ലണ്ടിൽ സ്ഥാപിക്കപ്പെട്ടു.

ലക്ഷ്യം:_ യുദ്ധത്തിൽ മുറിവേററവരേയും തടവിലാക്കപ്പെട്ടവരേയും സഹായിക്കുക. ഒന്നും രണ്ടും ലോകമഹായുദ്ധങ്ങളിൽ സ്തുത്യർഹമായ സേവനമനുഷ്ഠിച്ചിട്ടുള്ള ഈ സംഘടന രോഗികളെ ശുശ്രൂഷിക്കൽ, സാംക്രമികരോഗ നിവാരണം തുടങ്ങിയ വമ്പിച്ച പദ്ധതികൾ സ്വീകരിച്ചിട്ടുള്ള ഈ സംഘടനയ്ക്കു് ലോകമാസകലം ശാഖകളുണ്ടു് ഇന്നു്.

ii) സന്നദ്ധബാലസംഘം [Scout Movement]

ബേഡൻ പൌവ്വൽ എന്ന മഹാശയനാണു് സ്ഥാപകൻ. പത്തൊമ്പതാം നൂററാണ്ടിലാണു് സ്ഥാപിച്ചതു്. ഇതും ലോകമെങ്ങും വ്യാപിച്ചു കഴിഞ്ഞിരിക്കുന്നു.

iii) രക്ഷാസൈന്യം [Salvation Army]

1878_ൽ ജെനറൽ ബ്യൂത്ത് എന്ന ആൾ സ്ഥാപിച്ചതാണിതു്.

പരിഷ്കാരം സിദ്ധിക്കാത്ത രാജ്യങ്ങളിലാണു് ഈ സംഘം കാര്യമായി പ്രവർത്തിക്കുന്നതു്. എന്നാൽ, ചെങ്കുരിശു സംഘത്തെപ്പോലെ ഇവരും ആതുര ശുശ്രൂഷയിലും മററും ശ്രദ്ധ ചെലുത്തുന്നുണ്ടു്. ചെങ്കുരിശു സംഘത്തെപ്പോലെ ഇതും ഒരു അന്തർദ്ദേശീയ സംഘടനയായിത്തീർന്നിരിക്കുന്നു.

iv) നോബൽ സമ്മാനം.

ഡോക്ടർ നോബൽ എന്ന മഹാശയൻ ഏർപ്പെടുത്തിയ സമ്മാനമാണിതു്. സ്വീഡനിൽ ജനിച്ച ഇദ്ദേഹം ഒരു വലിയ ശാസ്ത്രജ്ഞനായിരുന്നു. ലോകസമാധാനത്തിനുവേണ്ടി വളരെ പരിശ്രമിച്ചിട്ടുണ്ടു് അദ്ദേഹം. മരിക്കുന്നതിനു മുമ്പായി തന്റെ സ്വത്തിന്റെ ഒരു ഭീമഭാഗം ഓരോ കൊല്ലവും ലോകത്തിൽ

പല സംരംഭങ്ങളിലുമായി വിശ്രുതി നേടുന്നവർക്ക് സമ്മാനം കൊടുക്കാനായി വിനിയോഗിക്കാൻ വേണ്ടി ഓസ്യത്തെഴുതി വെച്ച നോബൽ.

### v) പ്രത്യക്ഷ ജനകീയ ഭരണം [Direct Democracy]

ജനങ്ങൾ നേരിട്ടു ഭരണം നടത്തുന്ന സമ്പ്രദായമാണിതു്. ജനപ്രതിനിധികളല്ലെന്നർത്ഥം. പ്രാചീനഗ്രീസ്സിലെ നഗരരാഷ്ട്രങ്ങളിൽ ഈ സമ്പ്രദായം നടപ്പുണ്ടായിരുന്നു. രാജ്യവിസ്തൃതി, ജനസംഖ്യയുടെ വർദ്ധന, രാജ്യഭരണത്തിന്റെ ബഹുമുഖമായ അഭിവൃദ്ധി എന്നിവ നിമിത്തമാണു് ഇന്നു് ഇതു സാധിക്കാത്തതു്. അതുകൊണ്ടു് പ്രാതിനിധ്യജനകീയഭരണ (Representative Democracy) മാണു് ഇന്നുള്ളതു്.

### vi. ബ്രിട്ടനിലെ രാഷ്ട്രീയകക്ഷികളുടെ ഉത്ഭവം:

ലങ്കാസ്റ്റ്റിയൻ, യോർക്കിസ്റ്റ് എന്നിങ്ങനെ രണ്ടു കക്ഷികൾ റോസ് യുദ്ധകാലത്തു് രൂപമെടുത്തു. ഹെൻറി എട്ടാമന്റെ മതപരിവർത്തന നടപടികളെത്തുടർന്നു് മതത്തിന്റെ പേരിൽ കക്ഷികൾ പ്രബലപ്പെട്ടു. പ്യൂരിട്ടൻ കക്ഷി എലിസബത്ത് രാജ്ഞിയുടെ കാലം മുതൽ എതിർശക്തിയായി വളരാൻ തുടങ്ങി. സ്റ്റുവർട്ടു രാജാക്കന്മാരുടെ കാലമായപ്പോൾ അവർക്ക് പാർലിമെന്റിൽ പ്രാബല്യം വർദ്ധിച്ചുവന്നു. ഇങ്ങനെ, Cavaliers (കുതിരപ്പടയാളികൾ) എന്ന കക്ഷി രാജാവിന്റേയും, Round Heads (വട്ടത്തലയന്മാർ) ജനങ്ങളുടെയും കക്ഷിയായിത്തീർന്നു. ഈ വട്ടത്തലയന്മാരുടെ നേതാവായ ഓലിവർ ക്രോംവെൽ രാജകീയ കക്ഷിയെ തോല്പിച്ചു് ഇംഗ്ലണ്ടിൽ ഏകാധിപതിയായി. ക്രമേണ, രാജകീയകക്ഷിയെ 'ടോറി'കൾ എന്നും എതിർ കക്ഷിയെ 'വിഗ്ഗ്'കൾ എന്നും വിളിക്കാൻ തുടങ്ങി. ആദ്യത്തേതു യാഥാസ്ഥിതികകക്ഷിയും രണ്ടാമത്തേതു ഉല്പതിഷ്ണുകക്ഷിയുമായിരുന്നു. കാലക്രമത്തിൽ ഈ പേരുകൾ, 'കൺസർവേറ്റീവ്', ലിബറൽ എന്നായിത്തീർന്നു. ആദർശങ്ങളുടെ വൈവിധ്യം വർദ്ധിച്ചതോടുകൂടിയാണു് ഇന്നുള്ള രാഷ്ട്രീയകക്ഷികളെല്ലാം അരങ്ങത്തു വന്നതു്.

## ലോകത്തിലെ ഏതാനും വലിയ രാഷ്ട്രീയ സംഘടനകൾ.

1. അറബിസമിതി (Arab League)—1945 മാർച്ച് മാസത്തിൽ സ്ഥാപിച്ചു. ഈജിപ്ത്, സൗഡി-അറേബിയ, ട്രാൻസ്ജോർഡൻ, സിരിയ, ലെബാനൺ, യെമാൻ, ഇറാക്ക് എന്നീ രാജ്യങ്ങളെ ഉൾക്കൊള്ളിച്ചുകൊണ്ടാണിതു സ്ഥാപിച്ചതു്. അക്രമത്തിന്നെതിരായി സ്വാതന്ത്ര്യലക്ഷ്യത്തെ മുൻനിർത്തി സംഘടിക്കുകയായിരുന്നു ലക്ഷ്യം.

2. കമ്മ്യൂണിസ്റ്റ് കക്ഷി

കാറൽമാർക്സിൻെറ തത്വങ്ങളെ ആധാരമാക്കി സ്ഥാപിച്ചിട്ടുള്ള ഈ കക്ഷി ലോകമാസകലം വ്യാപിച്ചുകഴിഞ്ഞിരിക്കുന്നു. റഷ്യ, യൂക്രെയ്ൻ, പോളണ്ട്, ഫിൻലൻറ്, റുമേനിയ, സെക്കോസ്ലോവാക്കിയ, ഹംഗറി, ചൈന എന്നീ രാജ്യങ്ങളിലൊക്കെ ഭരണം കൈക്കലാക്കിയിരിക്കുന്നു ഈ കക്ഷി.

3. കൺസർവേററീവ് കക്ഷി (യാഥാസ്ഥിതികകക്ഷി)

ഇംഗ്ലണ്ടിലെ പഴയ ടോറികക്ഷി 1830 മുതല്ക്കാണ് ഈ പേർ സ്വീകരിച്ചതു്. നിലവിലുള്ള സമ്പ്രദായങ്ങളെ പുലർത്തുകയാണു് ലക്ഷ്യം.

4. ക്യൂമിൻറാങ്:

1894-ൽ സൺയററ്സെൻ എന്ന നേതാവു് ചൈനയിൽ സ്ഥാപിച്ച ദേശീയകക്ഷിയാണിതു്. 1912-ലെ ചൈനാവിപ്ലവത്തിന്നുശേഷം പ്രബലപ്പെട്ടുവന്ന ഈ കക്ഷി കമ്മ്യൂണിസ്റ്റ് കക്ഷിയാൽ തോല്പിക്കപ്പെട്ടു.

5. ഡെമോക്രാററിക്ക് കക്ഷി:

അമേരിക്കൻ ഐക്യരാജ്യങ്ങളിലെ റിപ്പബ്ളിക്കൻ കക്ഷിക്കെതിരായ ഈ സംഘടന എളിയവൎക്കുവേണ്ടിയുള്ളതാണെന്നത്രേ അവകാശപ്പെടുന്നതു്.

6. ഫലങ്കിസ്റ്റ് കക്ഷി. [Falangists]

സ്പെയിനിലെ ഫാസിസ്റ്റ് കക്ഷി. 1937-ൽ ഈ കക്ഷി ജെനറൽ ഫ്രാങ്കോവിന്റെ നേതൃത്വത്തിൽ പ്രബലപ്പെട്ടു. Traditionalist Spanish Phalanx എന്നത്രെ ഇപ്പോഴം ഇതിന്നു പേരിട്ടിരിക്കുന്നതു്.

7. ഭാരതമഹാജനസഭ [Indian National Congress]

1885-ൽ ബോംബെയിൽ സ്ഥാപിച്ചു. മഹാത്മാഗാന്ധിയുടെ നേതൃത്വത്തിൽ ഇന്ത്യക്കു സ്വാതന്ത്ര്യം നേടി. ഇപ്പോഴം അധികാരത്തിലിരിക്കുന്ന കക്ഷിയാണു്.

8. ഫിയന്ന ഫെയിൽ [Finna Fail]

അയർലണ്ടിലെ റിപ്പബ്ലിക്കൻ കക്ഷിയാണിതു്. 1927-ൽ ഡിവലേറയിൽ സ്ഥാപിക്കപ്പെട്ടു. അയർലണ്ടിന്റെ സ്വാതന്ത്ര്യം നേടി.

9. ഫൈൻ ഗേയ്ൽ [Fine gael]

1933-ൽ കോസ്ഗ്രേവ് എന്ന ആളുടെ നേതൃത്വത്തിൽ അയർലണ്ടിൽ സ്ഥാപിക്കപ്പെട്ടതാണിതു്. ബ്രിട്ടീഷ് രാഷ്ട്രങ്ങളുടെ പൊതുകുടുംബത്തിൽ അയർലണ്ടിനെ സംഘടിപ്പിക്കണമെന്നത്രെ ലക്ഷ്യം.

10. ലേബർകക്ഷി.

അററ്ലിയുടെ നേതൃത്വത്തിൽ ഇപ്പോഴം ഇംഗ്ലണ്ടിൽ അധികാരത്തിലിരിക്കുന്ന കക്ഷി. തൊഴിലാളിസംഘടനകളുടെ ഒരു സംയോജനമായി 1900-ൽ ആണു് ഈ കക്ഷി രൂപമെടുത്തതു്. അടിസ്ഥാനവ്യവസായങ്ങളെ ദേശവൽകരിക്കുകയത്രെ ഇതിന്റെ പ്രധാനമായ ലക്ഷ്യം.

11. ലിബറൽ കക്ഷി

ഇംഗ്ലണ്ടിലെ 'വിഗ്ഗ്' കക്ഷി 1828-ലാണു് ഈ പേർ സ്വീകരിച്ചതു്. വ്യാപാരസ്വാതന്ത്ര്യത്തിന്റെ പേരിലാണു് ശൃംഖലപ്പെട്ടതു്. ഇപ്പോഴം വലിയ ശക്തിയില്ല.

**12.** റിപ്പബ്ലിക്കൻ കക്ഷി

അമേരിക്കയിലെ ഒരു പ്രബല രാഷ്ട്രീയ കക്ഷി. (മുൻപു വിസ്തരിച്ചിട്ടുണ്ട്.)

**13.** വീയ്റ്റ് മിൻ [Viet Minh]

ഇന്തോചൈനയിൽ ഫ്രഞ്ചുകാരുടെ അധികാരത്തെ തകർക്കാൻ സ്ഥാപിച്ചിട്ടുള്ള കക്ഷി. ഡോക്ടർ ഹോ ചി മിൻ എന്ന കമ്മ്യൂണിസ്റ്റുകാരനാണ് നേതാവ്.

**14.** വാഫ്ഡ് [Wafd]

ഒന്നാം ലോകമഹായുദ്ധക്കാലത്ത് ഈജിപ്റ്റിൽ സ്ഥാപിക്കപ്പെട്ട ദേശീയ കക്ഷി. 1927-വരെ സാഗ്ലൂൽപാഷയും തദനന്തരം നഹാസ്പാഷയുമാണ് നേതൃത്വം വഹിച്ചു പോന്നത്. 1950-ൽ ഇത് അധികാരം കരസ്ഥമാക്കി.

## 1951-ലെ തിരുവിതാംകൂർ E. S. L. C.
## പബ്ലിക്ക് പരീക്ഷാ ചോദ്യങ്ങൾ
### (പൌരധർമ്മത്തെക്കുറിച്ചുള്ളവ മാത്രം)

III. b: ചരിത്രപരമായ കുറിപ്പെഴുതുക. നോബൽ സമ്മാനം — (അനുബന്ധം vol. iii) ബാലട്; ഇംപീച്ച്മെൻറ്; (P. 8. vol. iii) വില്പന നികുതി— (P. 24. vol. ii)

XII. നിയമം എന്നാൽ എന്ത്? നിയമങ്ങളുടെ ഉത്ഭവമെങ്ങനെ? നിയമം പൌരന്മാരുടെ അഭിവൃദ്ധിയെ സഹായിക്കുകയും അവരുടെ അവകാശങ്ങളെ സംരക്ഷിക്കുകയും ചെയ്യുന്നുവെന്നു തെളിയിക്കുക. (P. 2—4. vol. ii)

XIII. പ്രജായത്തഭരണം ഏററവും നല്ല ഭരണമാണെന്നു ഗണിക്കപ്പെടാനുള്ള ന്യായങ്ങൾ ഏവ? (P. 15. vol ii.)

XIV ഇംഗ്ലണ്ടിലെ പ്രധാന രാഷ്ട്രീയകക്ഷികളുടെ ഉത്ഭവമെങ്ങനെ? (അനുബന്ധം vol. iii) ഓരോ കക്ഷിയുടേയും ആദർശമെന്ത്? പാർലിമെൻറിൽ പ്രാബല്യമുള്ള ഒരെതിർ കക്ഷി ഉണ്ടായിരിക്കേണ്ടതിൻെറ ആവശ്യകതയെ ചൂണ്ടിക്കാണിക്കുക. (P. 30. vol. iii.)

## LIST OF P. KUNJIKRISHNA MENON'S BOOKS

| No. | Title | Rs. | As. |
|---|---|---|---|
| 1. | Modern History F. VI 5th Edition | 1 | 0 |
| 2. | Civics F. IV. (Trav.-Cochin 1951—52) | 0 | 4 |
| 3. | Civics F. V. ( do 1951—52) | 0 | 6 |
| 4. | Civics F. VI. ( do 1951—52) | 0 | 6 |
| 5. | World History Part I (Ancient period only) | 1 | 4 |
| 6. | Modern History Notes F. VI. | 0 | 6 |
| 7. | Do F. V. do | 0 | 6 |
| 8. | Indian History Notes | 0 | 10 |
| 9. | History & Geography Notes F. III | 0 | 8 |
| 10. | British History Notes | 0 | 8 |
| 11. | World History F. IV (common to Travancore & Cochin 1951—52) | 1 | 0 |
| 12. | World History F. V. do (1951—52) | 1 | 0 |
| 13. | Indian History F. IV do (1951—52) | 1 | 0 |
| 14. | Indian History F. V do (1951—52) | 1 | 0 |
| 15. | World History F. VI do (1951—52) | 1 | 0 |
| 16. | Indian History F. VI do (1951—52) | 1 | [illegible] |
| 17. | Modern History F. V | 1 | 0 |
| 18. | Modern History F. IV | 1 | 0 |

*apply to:-*

K. N. S. Menon,
C/o P. Kunjikrishna Menon,
Near Padiyathukulam,
ERNAKULAM.